# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മറയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.13/766/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 01/10/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മറയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.13/766/21 തീയ്യതി: 01/10/2021

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 08-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി.ആർ. ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 13-08-2021 | 18-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-08-2021 | 18-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സുസനിയാമ്മ തോമസ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. മരുൺ മാത്യു അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. അഭിലാഷ് എം.കെ അസി.ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആരോഗ്യദാസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 30-12-2020 |
| ശ്രീമതി. ഉഷാ ഹെന്റി ജോസഫ് | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ. സോണി മാത്യു | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.പ്രിയ പീറ്റർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മെൽബി അഗസ്റ്റിൻ | വി.ഇ.ഓ | 01-04-2020 | 14-10-2020 |
| ശ്രീ.റിക്സൺ ജോർജ് | വി.ഇ.ഓ | 15-10-2020 | 31-03-2021 |
| ശ്രീ.സുനിൽ കുമാർ എ | വി.ഇ.ഓ (ബാബു നഗർ സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷെഫീന പി.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 07-07-2020 |
| ശ്രീമതി.കദീജ കെ.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 08-07-2020 | 31-03-2021 |
| ഡോ.ശ്രീദർശൻ കെ.എസ് | ആയുർവ്വേദം,മെഡിക്കൽ ഓഫീസർ | 01-04-2020 | 07-03-2021 |
| ഡോ.അശ്വതി ജെ | ആയുർവ്വേദം,മെഡിക്കൽ ഓഫീസർ | 08-03-2021 | 31-03-2021 |
| ഡോ.പ്രഫുൽ. പി | വെറ്ററിനറി സർജൻ | 01-04-2020 | 08-07-2020 |
| ഡോ.മിമേഷ് | വെറ്ററിനറി സർജൻ | 09-07-2020 | 23-09-2020 |
| ഡോ.ബിജു കെ.സി | വെറ്ററിനറി സർജൻ | 24-09-2020 | 31-03-2021 |
| ഡോ.റിമലക്ഷ്മി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 01-06-2020 |
| ഡോ.ഗ്രേഷ്യ മെറിൻ പീറ്റർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 02-06-2020 | 15-09-2020 |
| ഡോ.സനൂജ് കെ.ജെ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 16-09-2020 | 04-12-2020 |
| ഡോ.സന്ദീപ് എസ്.വൈ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 05-12-2020 | 28-02-2021 |
| ഡോ.റിമലക്ഷ്മി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-03-2021 | 31-03-2021 |
| ശ്രീമതി.റാണി .സി | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ.സുജിത്ത് പി.രാഘവൻ | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2020 | 04-06-2020 |
| ശ്രീ.ഷിഹാബുദിൻ റ്റി.എസ് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 05-06-2020 | 23-06-2020 |
| ശ്രീ.സാബു എം.എസ് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 24-06-2020 | 31-03-2021 |
| ശ്രീ.സൂരജ് വി.എസ് | അസി. എഞ്ചിനീയർ | 01-04-2020 | 24-06-2020 |
| ശ്രീ. രമീഷ് കുമാർ കെ. സി. | അസി. എഞ്ചിനീയർ | 25-06-2020 | 15-10-2020 |
| ശ്രീമതി. ദേവി ഇ. | അസി. എഞ്ചിനീയർ | 16-10-2020 | 31-03-2021 |
| ശ്രീ. ജൂഡിൻ ജോൺ ചാക്കോ | ഫിഷറീസ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ജബരാജ് പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 12-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Marun Mathew (Asst. Audit Officer, On 10-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Marun Mathew (Asst. Audit Officer, On 11-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 10-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Susaniamma Thomas (Audit Officer, On 13-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: E.V.Gibi (Asst. Audit Officer, On 13-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 23-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 11-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Susaniamma Thomas (Audit Officer, On 11-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 16-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 16-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 23-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Marun Mathew (Asst. Audit Officer, On 13-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വാടക ഈടാക്കുന്നില്ല തൻ വർഷ കുടിശിക ₹7,629/-<br>Written By: Susaniamma Thomas (Audit Officer, On 13-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-12 |
| 13 | COTPA ഫൈൻ സർക്കാരിലേയക്ക് അടവാക്കിയിട്ടില്ല.<br>Written By: M.K.Abhilash (Asst. Audit Officer, On 13-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-13 |
| 14 | ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ വരവ് ഇല്ല<br>Written By: E.V.Gibi (Asst. Audit Officer, On 15-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-14 |
| 15 | വാടക ഈടാക്കിയില്ല - നഷ്ടം - ₹25,200/-<br>Written By: Susaniamma Thomas (Audit Officer, On 12-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-15 |
| 16 | ടെണ്ടർ നടപടിക്രമങ്ങളിൽ ഗുരുതര ക്രമക്കേട് - ഗ്രാമ പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം<br>Written By: E.V.Gibi (Asst. Audit Officer, On 17-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-16 |
| 17 | പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും) - വാങ്ങി വിതരണം ചെയ്യൽ<br>Written By: E.V.Gibi (Asst. Audit Officer, On 17-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-16-1 |
| 18 | പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും)<br>Written By: E.V.Gibi (Asst. Audit Officer, On 17-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-16-2 |
| 19 | പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - വിതരണം നടത്തയിട്ടില്ല.<br>Written By: E.V.Gibi (Asst. Audit Officer, On 15-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-17 |
| 20 | വസ്തു നികുതി ഫയലുകൾ ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: M.K.Abhilash (Asst. Audit Officer, On 17-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-18 |

| | | |
|---|---|---|
| 21 | ബിറ്റുമിൻ-ബാരൽ വില കുറവ് ചെയ്യാതെ ബിൽ തുക നൽകി- നഷ്ടം ₹13769/<br>Written By: E.V.Gibi (Asst. Audit Officer, On 15-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-09-2021) | 1-19 |
| 22 | ഖരമാലിന്യം നീക്കം ചെയ്യൽ, നിർമ്മാർജനം-പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Joseph Chacko (Asst. Audit Officer, On 17-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-20 |
| 23 | വൃക്കരോഗികൾക്ക് ഡയാലിസിസ് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Joseph Chacko (Asst. Audit Officer, On 17-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-21 |
| 24 | ലൈഫ് പദ്ധതി - മുടങ്ങിപോയ ഭവനങ്ങളുടെ വിവരം<br>Written By: Marun Mathew (Asst. Audit Officer, On 13-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-22 |
| 25 | എസ്.എസ്.എ.വിഹിതം ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ₹300000/-ചെലവ് തടസ്സം<br>Written By: Joseph Chacko (Asst. Audit Officer, On 16-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-23 |
| 26 | തുക അടവാക്കിയെങ്കിലും മരുന്ന് ലഭ്യമാക്കിയിട്ടില്ല.<br>Written By: Joseph Chacko (Asst. Audit Officer, On 16-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-24 |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-തനത് ഫണ്ടിൽ നിന്ന് തുക നൽകിയത് ക്രമീകരിച്ചിട്ടില്ല<br>Written By: E.V.Gibi (Asst. Audit Officer, On 16-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-25 |
| 28 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Susaniamma Thomas (Audit Officer, On 17-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-26 |
| 29 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: Marun Mathew (Asst. Audit Officer, On 17-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-27 |
| 30 | വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ്- എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 13-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 01-10-2021) | 1-28 |
| 31 | ജലനിധി<br>Written By: Marun Mathew (Asst. Audit Officer, On 13-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-29 |
| 32 | പ്രൊക്യുർമെന്റ് കമ്മിറ്റി സംബന്ധിച്ച്<br>Written By: Susaniamma Thomas (Audit Officer, On 17-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-30 |
| 33 | മോണിറ്ററിംഗ് സമിതികൾ നിർജീവം<br>Written By: Susaniamma Thomas (Audit Officer, On 17-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-31 |
| 34 | ദുരിതാശ്വാസ നിധി സംബന്ധിച്ച്<br>Written By: Susaniamma Thomas (Audit Officer, On 16-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-09-2021) | 1-32 |
| 35 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല<br>Written By: Susaniamma Thomas (Audit Officer, On 17-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-33 |
| 36 | ലൈഫ് മിഷൻ- പട്ടിക വർഗ്ഗ വിഭാഗം-അവലോകനം<br>Written By: E.V.Gibi (Asst. Audit Officer, On 20-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 01-10-2021) | 1-34 |
| 37 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 09-09-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-35 |
| | **ഭാഗം 2** | |
| 1 | മൊബൈൽ ടവറുകളുടെ വാടക ഈടാക്കുന്നില്ല തൻ വർഷ കുടിശിക ₹7629/-<br>Written By: M.K.Abhilash (Asst. Audit Officer, On 26-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 01-10-2021) | 2-1 |
| 2 | വാടക ഈടാക്കിയില്ല നഷ്ടം ₹25200/-<br>Written By: M.K.Abhilash (Asst. Audit Officer, On 26-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 01-10-2021) | 2-2 |
| | **ഭാഗം 3** | |
| 1 | ടെണ്ടർ നടപടിക്രമങ്ങളിൽ ഗുരുതര ക്രമക്കേട് - ഗ്രാമ പഞ്ചായത്തിന് വൻ | 3-1 |

| | | |
|---|---|---|
| | സാമ്പത്തിക നഷ്ടം<br>Written By: E.V.Gibi (Asst. Audit Officer, On 18-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 16-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 29-09-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 11-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 16-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-09-2021) | 4-8 |
| 9 | ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 11-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Susaniamma Thomas (Audit Officer, On 09-08-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 26.03.2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹19,47,23,842/- വരവും ₹18,09,93,642/- ചെലവും ₹1,37,30,200/- മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 22.02.2021-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4-1 തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 03.03.2020-ൽ ബജറ്റും 18.02.2021-ൽ പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് അധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21-ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2020-21-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ₹ | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ₹ | വ്യത്യാസം ₹ |
|---|---|---|---|---|
| 1 | നികുതി വരവുകൾ | 5766600 | 3882249 | 1884351 |
| എ) | വസ്തുനികുതി | 4000000 | 2427559 | 1572441 |
| ബി) | തൊഴിൽ നികുതി | 1760,000 | 1454690 | 305310 |
| 2 | നികുതിയിതര വരവുകൾ | 4005000 | 3626467 | 378533 |
| എ) | വാടക | 875000 | 497832 | 377168 |
| ബി) | ലൈസൻസ് | 1150000 | 522604 | 627396 |
| സി) | സെയിൽ, ഹയർ ചാർജ് | 225000 | 1552106 | 1327106 |
| ഡി) | പലിശ | 150000 | 162598 | 12598 |

| | | | | |
|---|---|---|---|---|
| 3 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 10544389 | 10125392 | 418997 |
| 4 | ഭരണ ചെലവുകൾ | 1687253 | 850136 | 837117 |
| 5 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2755000 | 3400940 | 645940 |
| 6 | പലിശയും അനുബന്ധ ചെലവുകളും | 1602000 | 5043 | 159657 |

(അവലംബം-2020-21 പുതുക്കിയ ബജറ്റ്, വാർഷിക കണക്കുകൾ)

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 22.06.2021 | .. | .. |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,63,75,264 |
| വരവ് | ₹17,08,84,186 |
| ആകെ | ₹19,72,59,450 |
| ചെലവ് | ₹14,87,16,063 |
| നീക്കിയിരിപ്പ് | ₹4,85,43,387 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 24611643 | 24611643 | 16129123 | 8482520 |
| | എസ്.സി.പി | 0 | 10857912 | 10857912 | 10476453 | 381459 |
| | റ്റി.എസ്.പി | 0 | 9024121 | 9024121 | 8743881 | 280240 |
| സി.എഫ്.സി ഗ്രാന്റ് | അൺറ്റൈഡ് ബേസിക് ഗ്രാന്റ് | 0 | 15332622 | 15332622 | 6874033 | 8458589 |
| | ടൈഡ് ഗ്രാന്റ് | 0 | 6620000 | 6620000 | 1304402 | 5315598 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 0 | 9935000 | 9935000 | 9817108 | 117892 |
| | റോഡിതരം | 0 | 3084744 | 3084744 | 3084744 | 0 |
| തൊഴിലുറപ്പ് പദ്ധതി | അഡ്മിനിസ്ട്രേഷൻ | 5252 | 2390661 | 2395913 | 2395586 | 327 |
| | തൊഴിലാളികളുടെ കൂലി | 0 | 71288925 | 71288925 | 71288925 | 0 |
| ഐ.സി.ഡി.എസ് | | 616750 | 1290647 | 1907397 | 987127 | 920270 |
| ടോട്ടൽ സാനിറ്റേഷൻ | | 1119262 | 0 | 1119262 | 0 | 1119262 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | | 154270 | 0 | 154270 | 0 | 154270 |
| ഓർഗാനിക് പഞ്ചായത്ത് അവാർഡ് | | 300000 | 0 | 300000 | 0 | 300000 |
| പട്ടിക വർഗ്ഗ കോർപസ് ഫണ്ട് | | 12007089 | 0 | 12007089 | 8434723 | 3572366 |
| പ്രളയ ദുരിതാശ്വാസ സംഭാവന | | 80657 | 0 | 80657 | 0 | 80657 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 449752 | 1226898 | 1676650 | 228278 | 1448372 |
| ജലനിധി | | 5948118.50 | 910209 | 6858327.50 | 418461.50 | 6439866 |
| ആയുർവ്വേദ ആശുപത്രി അറ്റകുറ്റപ്പണി ഗ്രാന്റ് | | 297271 | 0 | 297271 | 0 | 297271 |
| സ്റ്റേറ്റ് വിഹിതം | | 5736287 | 71391112 | 77127399 | 44600094 | 32527305 |
| പകർച്ച വ്യാധി നിയന്ത്രണ ഗ്രാന്റ് | | 0 | 1000000 | 1000000 | 284035 | 715965 |

വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി., വികസന ഫണ്ട്- ടി.എസ്.പി., എന്നിവയ്ക്ക് സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനങ്ങൾക്ക് സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവ് തുകകളേക്കാൾ കൂടുതലാണെന്ന് കാണുന്നു. ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് ജനറൽ ടി.എസ്.പി. ഇനങ്ങളിൽ നെഗറ്റീവ് ബാലൻസ് ആണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 114 | 298197297 | 118786216 | 0 | 60 | 65.57 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 25 | 21 | 18099950 | 15121451 | 4 | 83.54 |
| 2. | അസി. എൻജിനീയർ | 81 | 39 | 34142977 | 24581450 | 42 | 71.99 |
| 3. | വെറ്ററിനറി സർജൻ | 8 | 1 | 4085000 | 30552 | 7 | 0.74 |
| 4. | കൃഷി ഓഫീസർ | 10 | 10 | 1736000 | 1720960 | 0 | 99.13 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5. | ഐ.സി.ഡി.എസ്. | 9 | 9 | 4364939 | 4056713 | 0 | 92.93 |
| 6. | എം.ഒ. സി.എച്ച്.സി. | 3 | 3 | 875000 | 755044 | 0 | 86.29 |
| 7. | വി.ഇ.ഒ | 7 | 7 | 128647659 | 26956559 | 0 | 20.95 |
| 8. | എം.ഒ. ആയുർവ്വേദം | 2 | 2 | 340000 | 326417 | 0 | 96.05 |
| 9. | ഹെഡ്മാസ്റ്റർ | 5 | 5 | 1100000 | 579423 | 0 | 52.67 |
| 10. | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1800000 | 1066132 | 0 | 59.22 |
| 11. | അസി. സെക്രട്ടറി | 18 | 14 | 100746772 | 43530955 | 4 | 43.21 |
| 12. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 1 | 2259000 | 60560 | 3 | 2.68 |
| | ആകെ | 174 | 114 | 298197297 | 118786216 | 60 | 39.83 |

ജനങ്ങളുടെ പ്രധാന ജീവിത ഉപാധിയായി വികാസം പ്രാപിച്ചുവരുന്ന മേഖലയാണ് മൃഗ സംരക്ഷണം. എന്നാൽ, തൻവർഷം വെറ്ററിനറി സർജന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 8 പദ്ധതികൾ നടപ്പിലാക്കുന്നതിനായി ₹40,85,000/- വകയിരുത്തിയിരുന്നുവെങ്കിലും ₹30,552/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അത് കണ്ടിജെൻസി ചെലവുകൾക്ക് മാത്രമായിട്ടുള്ളതാണ്. 0.74 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയിട്ടുള്ള പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ₹ | ചെലവ്₹ | നീക്കിയിരിപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5252 | 2390661 | 2395913 | 2395586 | 327 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 71288925 | 71288925 | 71288925 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 277600 | 20 |
| വിധവ പെൻഷൻ | 10246600 | 525 |
| വാർദ്ധക്യകാല പെൻഷൻ | 36137200 | 1732 |
| വികലാംഗ പെൻഷൻ | 2460900 | 121 |
| അവിവാഹിതർക്കുള്ള പെൻഷൻ | 10300 | 3 |

### 1-7-1 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് തീർപ്പ് കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ട് മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയത് വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

<u>1-8 ക്യാഷ് വെരിഫിക്കേഷൻ</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹580/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

<u>1-9 ആഭ്യന്തര നിയന്ത്രണം</u>

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സിസ്റ്റം-അപാകതകളോടു കൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-11-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

<u>വൗച്ചറുകളുടെ സൂക്ഷിപ്പ്</u>

തനത് ഫണ്ട് ചെലവ് വൗച്ചറുകൾ പൂർണ്ണമായി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. ചെലവുകളുടെ ബില്ലുകളും അനുബന്ധ രേഖകളും വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. ഓരോ മാസത്തേയും ചെലവ് വൗച്ചറുകൾ തീയതി ക്രമത്തിൽ ഉപോൽബലകമായ രേഖകൾ സഹിതം അടുക്കി ബൈൻഡ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.04.2021 | 05/2020 മുതൽ 02/2021 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 മുതൽ 12.02.2016 വരെ | 2014-15 | 28.07.2016 |

1-11 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21-ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷിക കണക്കുകളിലെ വിവിധ നികുതി-നികുതിയേതര വരവുകളുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ അതത് വരവുകളുടെ രജിസ്റ്ററുകളുമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്കുകൾ പ്രകാരം ₹ | | | രജിസ്റ്റർ പ്രകാരം ₹ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ (അഡ്വാൻസ് ഉൾപ്പെടെ) | ബാലൻസ് | ഡിമാന്റ് | കളക്ഷൻ (അഡ്വാൻസ് ഉൾപ്പെടെ) | ബാലൻസ് |
| വസ്തുനികുതി (തൻവർഷം) | 2427559 | 1663992 | 605201 | 804223 | 486186 | 222296 |
| വസ്തുനികുതി (കുടിശ്ശിക) | 0 | 366240 | 899529 | 187108 | 78864 | 108911 |
| തൊഴിൽനികുതി (സ്ഥാപനങ്ങൾ) | 422100 | 279396 | 116104 | 334820 | 334820 | 0 |
| ലൈസൻസ് | 167500 | 123260 | 26740 | 123260 | 123260 | 0 |

2. കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വാർഷിക കണക്കുകളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

5. കെ.യു.ആർ.ഡി.എഫ്.സി ലോൺ രജിസ്റ്റർ, ജവഹർ ലോൺ രജിസ്റ്റർ എന്നിവ കൃത്യതയോടെ പരിപാലിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ബി-5 ഷെഡ്യൂളിൽ കൊടുത്തിരിക്കുന്ന ₹1,04,37,606/-യുടെ കൃത്യത വ്യക്തമല്ല.

6. മുൻകൂർ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് ₹12,21,001/- ആയിരിക്കെ ബാലൻസ്ഷീറ്റ് ബി-18 ഷെഡ്യൂളിൽ കൊടുത്തിരിക്കുന്ന നീക്കിയിരിപ്പ് ₹10,48,654/-യാണ്.

7. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക കണക്കാക്കിയതിനുള്ള വർക്ക്ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

8. 2020-21 വർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കായുള്ള ആകെ വരവ് ₹50,61,986/-യായിരിക്കെ (വെബ് സാംഖ്യ പ്രകാരം) വാർഷിക കണക്ക് ആർ.പി.31-ൽ സംയുക്ത പദ്ധതികൾക്കായുള്ള ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള ആകെ വരവ് ₹68,56,175/-യായി കാണിച്ചിരിക്കുന്നു.

9. ജി.ഒ.പി. നം.7/17/ഫിൻ./തീ. 23.01.2017 പ്രകാരം മാർച്ച് 31-ന് ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ബാലൻസ് 0 ആയിരിക്കെ ബാലൻസ്ഷീറ്റ് ബി-4 ഷെഡ്യൂളിൽ പ്രസ്തുത നീക്കിയിരിപ്പ് ₹25,71,750/- യായി കാണിച്ചിരിക്കുന്നു.

10. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ഹെഡ് അക്കൗണ്ട് നം.320300199 പ്രകാരം ₹3,25,27,305/- നീക്കിയിരിപ്പുള്ളതായി കാണുന്നു. ആയത് ഏതിനത്തിലുള്ളതാണ് എന്ന് വ്യക്തമല്ല.

## 1-12 മൊബൈൽ ടവറുകളുടെ വാടക ഈടാക്കുന്നില്ല തൻ വർഷ കുടിശിക ₹7,629/-

ഗ്രാമ പഞ്ചായത്തിൽ BSNL, VODAFONE, JIO എന്നീ കമ്പനികളുടെ ഓരോ ടവറുകളാണുള്ളത്. വാടകയിനത്തിൽ തൻവർഷം ₹7,629/-യുടെ കുടിശിക ഉണ്ടായിട്ടുണ്ട്.

| കമ്പനി | പ്രതിവർഷ ഡിമാന്റ്₹ | തൻവർഷ കുടിശിക ₹ |
|---|---|---|
| BSNL | 4940 | 4940 |
| JIO | 13435 | 2689 |
| | ആകെ | 7629 |

BSNL കമ്പനിയുടെ 2013-14 സാമ്പത്തിക വർഷം മുതലുള്ള വാടക നാളിതുവരെയും ഒടുക്കിയിട്ടില്ല. ആയതിനാൽ ₹34,580/- കുടിശിക അവശേഷിക്കുന്നു. ഇത്തരം കമ്പനികൾ വാടക അടവാക്കാത്തത് തികച്ചും നിരുത്തരവാദമായ പ്രവൃത്തിയാണ്. കർശന നിയമ നടപടികളിലൂടെ കുടിശിക തുക പിഴ പലിശ സഹിതം ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 COTPA ഫൈൻ സർക്കാരിലേയക്ക് അടവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ രസീത് ബുക്ക് 17114-ലെ 1 മുതൽ 16 വരെയുള്ള രസീത് ഉപയോഗിച്ച് സി.എച്ച്.സി മെഡിക്കൽ ഓഫീസർ COTPA ഫൈൻ ഇനത്തിൽ ₹2,500/- പൊതുജനങ്ങളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ച് തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട് (രസീത് നം :6341426, 120050101336 തീ: 09.12.2020 ₹2,300/-, രസീത് നം : 6341647, 120050101556 തീ: 30.01.2021 ₹200/-). പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് അർഹമായതല്ല. ഈ തുക 0210-04-104-02 Public Health Fee & Fines Collection Of Amount From The Penalties Under Various Sections Of Cigarettes And Other Tobacco Products Act, 2003 എന്ന ഹെഡിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-14 ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ വരവ് ഇല്ല

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ഇ-ടെണ്ടർ നടത്തിയിട്ടുള്ള പദ്ധതികളുടെ ടെണ്ടർ ഫാറം വില ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് വരവ് വന്നിട്ടുള്ളത്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക ₹ | ടെണ്ടർ ഫോറം വില |
|---|---|---|---|---|
| 1 | 179 | ആനക്കൽപ്പെട്ടി മൈക്കിൾ ഗിരി റോഡ് റീടാറിംഗ് | 1500000 | 2975 |
| 2 | 217 | മാശിവയൽ കൂടവയൽ റോഡ് മെയിന്റനൻസ് | 1135000 | 2975 |
| 3 | 223 | മേലാടി പൊത ശ്മശാനം സംരക്ഷണഭിത്തി | 1000000 | 2380 |
| 4 | 216 | സഹായഗിരി നാച്ചിവയൽ ആനക്കൽപ്പെട്ടി റോഡ് മെയിന്റനൻസ് | 1450000 | 2975 |

സാമ്പത്തിക വർഷം ഇ-ടെണ്ടർ നടപടിയിലൂടെ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതും ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വന്നിട്ടുള്ളതുമായ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 വാടക ഈടാക്കിയില്ല - നഷ്ടം - ₹25,200/-

മറയൂർ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് കൊടുത്തതിൽ താഴെ പരാമർശിക്കുന്ന വാടകക്കാരൻ തുക അടവാക്കാത്തതിനാൽ നഷ്ടം വന്നതായി കാണുന്നു.

| ക്രമ നം | വാടകക്കാർ | മുറി നം & പ്രതിമാസ വാടക | മുടക്ക് വരുത്തിയ മാസം | കുടിശിക തുക ₹ |
|---|---|---|---|---|
| 1 | ശ്രീ. ചന്ദ്രശേഖരൻ S/O ഭ്രമിനാഥൻ, മറയൂർ ഗ്രാമം, മറയൂർ | മുറി നം : 11 ₹3,600/- | 9/2020 മുതൽ 3/2021 വരെ | 25200 |

18.09.2020 മേൽ വാടകക്കാരന്റെ പേരിൽ മുദ്രപത്രം വാങ്ങി വച്ചിട്ടുണ്ട്. കരാർ വിവരങ്ങൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം. 29 തീയതി : 12.08.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശികക്കാരനിൽ നിന്നും പ്രസ്തുത തുക 18% ജി.എസ്.റ്റി 1% പ്രളയസെസ്, നിയമാനുസൃത പലിശ എന്നിവ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 1-16 ടെണ്ടർ നടപടിക്രമങ്ങളിൽ ഗുരുതര ക്രമക്കേട് - ഗ്രാമ പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം

അസിസ്റ്റന്റ് സെക്രട്ടറി 2019-20-ൽ ഏറ്റെടുത്തത് 2020-21 വർഷം നടപ്പാക്കിയതും, 2020-21 വർഷം ഏറ്റെടുത്ത് നടപ്പാക്കിയതുമായ പദ്ധതികൾക്കായി നടത്തിയിരിക്കുന്ന വാങ്ങലുകളിൽ ഗുരുതരമായ ക്രമക്കേടുകൾ ഉണ്ടായിരിക്കുന്നു.

. ടെണ്ടറിൽ കുറഞ്ഞ നിരക്ക് അംഗീകരിക്കാതിരിക്കുന്നു.

. ഒരു പ്രത്യേക സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുന്നതിന് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതിരിക്കുന്നു.

. സാമ്പിൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് സ്ഥാപനങ്ങൾക്ക് കത്തയച്ചതായി വ്യാജ രേഖ ഉണ്ടാക്കി പിന്നീട് സാമ്പിൾ ലഭ്യമാക്കിയില്ല എന്ന കാരണം പറഞ്ഞ് കുറഞ്ഞ നിരക്കുള്ള ടെണ്ടർ നിരസിക്കുന്നു.

. ഇ-ടെണ്ടർ നടപടി ഒഴിവാക്കുന്നതിന് പരിധിക്ക് തൊട്ടുതാഴെ അടങ്കൽ നിശ്ചയിക്കുന്നു.

. ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെടാത്ത ഇനങ്ങൾ വാങ്ങിയിരിക്കുന്നു.

. പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ക്ഷമതയുള്ള വിദഗ്ധരെ ഉൾപ്പെടുത്തിയിട്ടില്ല.

. ടെണ്ടർ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ലാത്തതിനാൽ ലഭിച്ച ടെണ്ടറുകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല.

. മേശ, കസേര പോലുള്ള സാധനങ്ങളുടെ ടെണ്ടർ സമർപ്പിക്കുമ്പോൾ അതോടൊപ്പം സാമ്പിൾ സമർപ്പിക്കുക എന്ന അപ്രായോഗിക നിബന്ധന ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തുന്നു.

ഓഡിറ്റ് വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള ഫർണിച്ചർ വാങ്ങൽ പദ്ധതികളെല്ലാം ടെണ്ടർ നടപടികളിലെ നിയമാനുസൃത വ്യവസ്ഥകൾ പാലക്കാതെ ഒലീവിയ ഹോം വേൾഡ്, ഇരുമ്പുപാലം എന്ന സ്ഥാപനത്തിന് ഉയർന്ന നിരക്കിലുള്ള ടെണ്ടർ അനുവദിച്ച് നൽകിയതിൽ ഗുരുതരമായ അപാകതകൾ ഉണ്ട്. ടെണ്ടർ അംഗീകരിക്കുന്നതിൽ ഭരണസമിതി കൈക്കൊണ്ട നിലപാട് പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. 2019-20, 2020-21 വർഷങ്ങളിലെ മറയൂർ ഗ്രാമ പഞ്ചായത്തിലെ വാങ്ങൽ പദ്ധതിക്കായുള്ള ടെണ്ടർ നടപടിക്രമങ്ങളിലെ ക്രമക്കേട് സംബന്ധിച്ച് വിശദമായ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-16-1 പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും) - വാങ്ങി വിതരണം ചെയ്യൽ

| | | |
|---|---|---|
| പ്രോജക്റ്റ് | (S0101/20) S0090/21, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും) | (S0103/20) S0092/21, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹4,90,000/- (വികസന ഫണ്ട് എസ്.സി.പി.) | ₹4,90,000/- (വികസന ഫണ്ട് ടി.എസ്.പി.) |
| ചെലവ്- ബിൽ നം./ തീയതി/തുക | 4/2020-21/22.04.2020/ ₹4,90,000/- | 20100352013801333173/ 11.04.2020/₹4,90,000/- |

2019-20 വർഷം അസി. സെക്രട്ടറി ഏറ്റെടുത്തതും 2020-21 വർഷം നിർവ്വഹണം നടത്തിയതുമായ മേൽ പദ്ധതികൾക്കായി ടെണ്ടർ ക്ഷണിച്ച് 200 മേശയും 200 കസേരയും വാങ്ങി നൽകിയിരിക്കുന്നു. സ്റ്റീൽ മേശയും കസേരയും വാങ്ങുന്നതിന് ടെണ്ടർ

ക്ഷണിക്കുകയും പാർട്ടിക്കിൾ ബോർഡിലുള്ള മേശയും പ്ലാസ്റ്റിക് കസേരയും വാങ്ങുകയും ചെയ്തു. സ്റ്റീൽ മേശയ്ക്ക് താഴെ പറയും പ്രകാരം നിരക്കുകൾ രേഖപ്പെടുത്തിയ ടെണ്ടറുകൾ ലഭിച്ചിരുന്നു.

| ക്രമ നം. | സ്ഥാപനം | ക്വോട്ട് ചെയ്ത നിരക്ക് (സ്റ്റീൽ മേശ 20G) | റിമാർക്സ് |
|---|---|---|---|
| 1 | കാർത്തിക എന്റർപ്രൈസസ് | 2280 | |
| 2 | റെയ്ഡ്കോ കേരള ലിമിറ്റഡ് | 4250 | |
| 3 | ജോജിൻ ഇൻഡസ്ട്രീസ് | 2600 | 3600 (18G) |
| 4 | എ.എസ്.ടി. മെഡിടെക് | 3186 | |
| 5 | ഒലീവിയ ഹോം വേൾഡ് | 3500 | 4500 (Particle Board) |
| 6 | ഏദൻസ് കൺസ്ട്രക്ഷൻസ് | 4400 | |

സ്റ്റീൽ മേശയും കസേരയും വാങ്ങുന്നതിനുള്ള ടെണ്ടറാണ് ക്ഷണിച്ചിരുന്നതെങ്കിലും ഒലീവിയ ഹോം വേൾഡ് എന്ന സ്ഥാപനം മാത്രം പാർട്ടിക്കിൾ ബോർഡ് എന്ന വസ്തു ഉപയോഗിച്ചുള്ള മേശയുടെ നിരക്ക് കൂടി ടെണ്ടറിൽ രേഖപ്പെടുത്തുകയും ആയത് കൂടിയ നിരക്ക് ആയിരുന്നിട്ടും അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മേൽ ടെണ്ടർ പ്രകാരം വിവിധ സ്ഥാപനങ്ങൾ കുറഞ്ഞ നിരക്കുകൾ രേഖപ്പടുത്തിയെങ്കിലും അവയൊന്നും പരിഗണിച്ചിട്ടില്ല. സാമ്പിൾ പരിശോധനയ്ക്കായി ഹാജരാക്കിയത് ഏദൻസ്, ഒലീവിയ എന്നീ രണ്ട് സ്ഥാപനങ്ങൾ മാത്രമാണെന്നും അതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഏദൻസ് എന്ന സ്ഥാപനത്തിന്റെ മേശ ഒന്നിന് ₹4,400/- നിരക്കിൽ അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യുവാൻ 09/01/2020-ലെ പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനിച്ചിരുന്നു. തുടർന്ന് തൊട്ടടുത്ത ദിവസം 10.01.2020-ലെ പർച്ചേസ് കമ്മിറ്റി ഏദൻസ് എന്ന സ്ഥാപനത്തിന് സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അനുമതി പ്രകാരം ഫർണിച്ചർ വിതരണം ചെയ്യുന്നതിന് അനുവാദം ഇല്ല എന്ന കാരണത്താൽ സപ്ലൈ ഓർഡർ റദ്ദ് ചെയ്യുന്നതിനും ഒലീവിയ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുന്നതിനും ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു. എന്നാൽ, മുകളിൽ സൂചിപ്പിച്ച കാർത്തിക എന്റർപ്രൈസസ്, ജോജിൻ ഇൻഡസ്ട്രീസ്, എ.എസ്.ടി. മെഡിടെക് എന്നീ സ്ഥാപനങ്ങൾ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടും ആയത് പരിഗണിക്കാതെയാണ് കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് ടെണ്ടർ അംഗീകരിച്ച് നൽകിയത്. എല്ലാ സ്ഥാപനത്തിനും സാമ്പിൾ എത്തിക്കുന്നതിന് അറിയിപ്പ് നൽകിയ കത്തിന്റെ പകർപ്പ് ഫയലിൽ ഉണ്ടെങ്കിലും പ്രസ്തുത കത്ത് ടി സ്ഥാപനം കൈപ്പറ്റിയതിന് രേഖയില്ല. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ ഒന്നായ ജോജിൻ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് സാമ്പിൾ ഹാജരാക്കുന്നതിന് അറിയിപ്പ് യഥാസമയം ലഭിച്ചിരുന്നോ എന്നത് സംബന്ധിച്ച് ഓഡിറ്റ് വേളയിൽ അന്വേഷിച്ചതിൽ ഇപ്രകാരം ഒരു അറിയിപ്പ് ലഭിച്ചില്ല എന്ന് മാത്രമല്ല, ടെണ്ടർ തുടർ നടപടി സംബന്ധിച്ച വിവരത്തിന് പഞ്ചായത്തിൽ ഫോൺ വഴി അന്വേഷിച്ചപ്പോൾ തീരുമാനം ഒന്നും ആയിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത് എന്ന് ജോജിൻ ഇൻഡസ്ട്രീസ് രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്ക് സാമ്പിൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ കത്ത് നൽകിയതായി വ്യാജരേഖ ഉണ്ടാക്കി ഫയലിൽ ഇടുകയും കത്ത് സ്ഥാപനങ്ങൾക്ക് നൽകാതിരിക്കുകയുമാണ് ചെയ്യുന്നത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. തുടർന്ന് സാമ്പിൾ ഹാജരാക്കിയില്ല എന്ന കാരണത്താൽ കുറഞ്ഞ ടെണ്ടർ നിരസിക്കുകയും ഒലീവിയ ഹോം വേൾഡ്, ഇരുമ്പുപാലം എന്ന സ്ഥാപനത്തിന്റെ കൂടിയ

നിരക്ക് അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. ഇത് മൂലം പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടായിരിക്കുന്നു. മാത്രമല്ല ടെണ്ടർ നോട്ടീസിൽ സ്റ്റീൽ/ഗുണമേന്മയുള്ള തടി/പ്ലൈവുഡ് എന്നിവ ഉപയോഗിച്ച് നിർമ്മിച്ച മേശയുടെ നിരക്ക് രേഖപ്പെടുത്തുവാനാണ് ആവശ്യപ്പെട്ടത്. എന്നാൽ, ടെണ്ടർ അംഗീകരിച്ചത് Particle Board ഉപയോഗിച്ച് നിർമ്മിച്ച മേശയാണ്. ഇടുക്കി ജില്ലയിലെ ഉയർന്ന പ്രദേശങ്ങളിൽ തണുപ്പുള്ളതിനാൽ പാർട്ടിക്കിൾ ബോർഡ് ഉപയോഗിച്ചുള്ള ഫർണിച്ചർ വേഗത്തിൽ നശിച്ചുപോകും എന്ന സാഹചര്യം ഉണ്ടായിട്ടും വളരെ കൂടിയ നിരക്കിലുള്ള പ്രസ്തുത ഇനം വാങ്ങി നൽകിയിരിക്കുകയാണ്. പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ ഫർണിച്ചറിന്റെ ഗുണമേന്മ പരിശോധിക്കുവാൻ ക്ഷമതയുള്ള വിദഗ്ധനെ ഉൾപ്പെടുത്താതെ പഞ്ചായത്ത് ഭരണസമിതി തീരുമാനം കൈക്കൊള്ളുകയാണ് ചെയ്യുന്നത്. ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്താതിരുന്ന ഇനമായ പാർട്ടിക്കിൾ ബോർഡ് കൊണ്ടുള്ള മേശ വാങ്ങുക വഴി മത്സരാധിഷ്ഠിത ടെണ്ടറിന്റെ അഭാവത്തിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. രണ്ട് പദ്ധതികളുടെയും അടങ്കൽ ₹4,90,000/- ആയതിനാൽ ഇ-ടെണ്ടർ നിർബന്ധമാക്കേണ്ട അഞ്ച് ലക്ഷം എന്ന പരിധി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് പദ്ധതികളിലും ഒരേ സാധനങ്ങളാണ് വാങ്ങുന്നത് എന്നതിനാൽ ഒറ്റ ടെണ്ടറായി വിളിച്ചിരുന്നെങ്കിൽ കുറെക്കൂടി വിലക്കുറവ് കിട്ടുവാൻ സാദ്ധ്യത ഉണ്ടായിരുന്നതും പ്രയോജനപ്പെടുത്തിയിട്ടില്ല. കൂടുതൽ ഈട് നിൽക്കുന്നതും കുറഞ്ഞ വിലയിലുള്ളതുമായ സ്റ്റീൽ മേശ വാങ്ങാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 10.08.2021 നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 15, 16) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഭരണസമിതിയുടെ 13.01.2020-ലെ 1(13) നമ്പർ തീരുമാനപ്രകാരമാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളതും വാങ്ങൽ നടത്തിയിട്ടുള്ളതും എന്ന് അറിയിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കായ ₹2,280/-യുടെ ടെണ്ടർ അംഗീകരിക്കാതെ കൂടിയ നിരക്കായ ₹4500/-യുടെ മേശ അടങ്കൽ തുകയിൽ അധികരിക്കുന്നതിനാൽ ₹4,400/- നിരക്കിൽ താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം ഒലീവിയ ഹോം വോൾഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് | സ്ഥാപനം | ഇൻവോയ്സ് നം./ തീയതി | ഇനം | എണ്ണം | നിരക്ക് | തുക ₹ |
|---|---|---|---|---|---|---|---|
| 1 | 90/21 | ഒലീവിയ ഹോം വേൾഡ് ഇരുമ്പുപാലം | 36/22.02.2020 | മേശ | 100 | 4400 | 440000 |
| 2 | 90/21 | ഒലീവിയ ഹോം വേൾഡ് ഇരുമ്പുപാലം | 38/22.02.2020 | പ്ലാസ്റ്റിക് കസേര | 100 | 500 | 50000 |
| | ആകെ | | | | | | 490000 |
| 1 | 92/21 | ഒലീവിയ ഹോം വേൾഡ് ഇരുമ്പുപാലം | 37/22.02.2020 | മേശ | 100 | 4400 | 440000 |
| 2 | 92/21 | ഒലീവിയ ഹോം | 39/22.02.2020 | പ്ലാസ്റ്റിക് കസേര | 100 | 500 | 50000 |

| | | | | | | |
|---|---|---|---|---|---|---|
| | | വേൾഡ് ഇരുമ്പപാലം | | | | |
| | | | ആകെ | | | 490000 |

കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് നടത്തിയ വാങ്ങലിൽ മേശ ഒന്നിന് ₹2,120/- (4400-2280) നിരക്കിൽ രണ്ട് പദ്ധതികളിലായി 200 മേശയ്ക്ക് ₹4,24,000/- നഷ്ടം ഉണ്ടായിരിക്കുന്നു. നഷ്ട തുക ടെണ്ടർ അംഗീകരിച്ച ഭരണ സമിതി യോഗത്തിൽ പങ്കെടുത്ത 13 അംഗങ്ങളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

<u>1-16-2 പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും)</u>

| | | |
|---|---|---|
| പ്രോജക്ട് | S0045/21, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും) | S0046/21, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോകപകരണം (മേശയും കസേരയും) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹8,35,294/- (വികസന ഫണ്ട് - എസ്.സി.പി.) | ₹4,90,000/- (വികസന ഫണ്ട് – ടി.എസ്.പി.) |
| <u>ചെലവ്</u> ബിൽ നം./ തീയതി /തുക | 20100352013800381103 /28.07.2020 / ₹4,90,000/- 20100352013800952092/ 16.01.2021/ ₹3,43,000/- | 20100352013800381104/ 28.07.2020 / ₹4,90,000/- |
| ആകെ | 833000 | 490000 |

പ്രോജക്ട് നം. 45 - പദ്ധതി അടങ്കൽ ₹4,90,000/- വകയിരുത്തി 100 വീതം മേശയും കസേരയും വാങ്ങിയതിന് ശേഷം പദ്ധതി അടങ്കൽ ₹ 490000/- ൽ നിന്നും ₹8,35,294/- ആയി ഉയർത്തി വീണ്ടും ഇതേ സ്ഥാപനത്തിൽ നിന്നും 70 വീതം മേശയും കസേരയും വാങ്ങി വിതരണം ചെയ്തിരിക്കുന്നു. ഇപ്രകാരം ടി പദ്ധതിക്ക് ആകെ ₹833000/- ചെലവ് വന്നിരിക്കുന്നു. ഗുണഭോക്താക്കളെ നിശ്ചയിച്ചതിന് ശേഷം മാത്രമാണ് വാങ്ങൽ നടപടികൾ നടത്തേണ്ടത് എന്നിരിക്കെ ഇപ്രകാരം വാങ്ങൽ നടത്തിയിരിക്കുന്നത് ഇ-ടെണ്ടർ നടപടി ഒഴിവാക്കി വാങ്ങൽ നടത്തുന്നതിനാണെന്ന് വ്യക്തമാണ്.

പ്രോജക്ട് നം.46-ൽ ₹4,90,000/- അടങ്കലിൽ 100 വീതം മേശയും കസേരയും ഇതേ സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന വാങ്ങിയിരിക്കുന്നു.

രണ്ട് പ്രോജക്ടുകൾക്കുമായി പ്രത്യേകമായി ക്ഷണിച്ച ടെണ്ടറിൽ ഒരേ സ്ഥാപനങ്ങൾ തന്നെ താഴെ പറയും പ്രകാരം ടെണ്ടറുകൾ സമർപ്പിച്ചു.

| ക്രമ നം. | സ്ഥാപനം | ഇനം | നിരക്ക് |
|---|---|---|---|
| 1 | കീർത്തി മാർക്കറ്റിംഗ്, നീലീശ്വരം | മേശ<br>കസേര<br>കസേര | ₹4197/-<br>₹ 740/-<br>₹640/- |
| 2 | ഒലീവിയ ഹോം വേൾഡ്, ഇരുമ്പപാലം | മേശ<br>കസേര | ₹ 4450/-<br>₹ 500/- |
| 3 | ഡ്രീം ഇന്ത്യ സ്കൂൾ എയിഡ്, ആനക്കല്ല് | മേശ & കസേര | ₹4980 |

ലഭിച്ച ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കീർത്തി മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതെയാണ് ഒലീവിയ ഹോം വേൾഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്.

"ഒരു യൂണിറ്റ് (മേശയും കസേരയും) ₹5000/- ക്ക് താഴെയുള്ളത് (സ്റ്റീൽ/ഗുണമേന്മയുള്ള പ്ലൈവുഡ്/തടി) ടെണ്ടറിനോടൊപ്പം സാമ്പിൾ മോഡൽ ഹാജരാക്കണം. പ്രക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം മാത്രമേ ടെണ്ടർ അംഗീകരിക്കുകയുള്ളൂ. (ഏറ്റവും ഗുണമേന്മയുള്ളതും കമ്മിറ്റിക്ക് തൃപ്തികരമായ മോഡലും മാത്രം പരിഗണിക്കും )" എന്ന് ഈ പദ്ധതിയുടെ ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രക്യൂർമെന്റ് കമ്മിറ്റിയിൽ ഫർണിച്ചറിന്റെ ഗുണമേന്മ പരിശോധിക്കുവാൻ ക്ഷമതയുള്ള ആരെയും ഉൾപ്പെടുത്തിയിട്ടില്ല. ടെണ്ടറിനോടൊപ്പം മേശയും കസേരയും പോലുള്ള സാമഗ്രികൾ സാമ്പിൾ മോഡൽ ഹാജരാക്കണം എന്ന അപ്രായോഗികമായ വ്യവസ്ഥ ടെണ്ടറിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ മേശയും കസേരയും ഗുണമേന്മ പരിശോധിക്കുവാൻ താല്പര്യം കാണിക്കാതെ നിരവധി ടെണ്ടറുകളിലായി ഒലീവിയ എന്ന സ്ഥാപനത്തിൽ നിന്നും നടപടിക്രമങ്ങൾ പാലിക്കാതെ പലവട്ടം വാങ്ങൽ നടത്തിയിരിക്കുന്നത് സംശയാസ്പദമാണ്.

ഈ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണത്തിൽ വാങ്ങൽ നടപടിക്രമങ്ങൾ സംബന്ധിച്ച് വിശദമായ ഒരു അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു. ചെലവ് തുക ₹ 1323000 തടസ്സപ്പെടുത്തുന്നു.

1-17 പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - വിതരണം നടത്തയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് | S0096/21, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | S0091/21, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹200000/- (വികസന ഫണ്ട് ടി.എസ്.പി.) | ₹460000/- (വികസന ഫണ്ട് എസ്.സിപി.) |
| ബിൽ നം./ തീയതി / തുക | 201003520138000177712 /12.04.2020/₹181624/-<br>201003520138111458/19.02.2021/ ₹22703/- | 20100352013800028350 /12.04.2020/₹454060/- |

അസിസ്റ്റന്റ് സെക്രട്ടറി 2019-20 വർഷം ഏറ്റെടുത്തതും 2020-21 വർഷം നിർവ്വഹണം നടത്തിയതുമായ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം എന്ന രണ്ട് പദ്ധതികളിലായി 29 ലാപ്പ് ടോപ്പ് നേരിട്ട് വാങ്ങുന്നതിന് ₹658387/- കെൽട്രോണിന് മുകളിൽ സൂചിപ്പിച്ച ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ നാളിതവരെ ലാപ്പ് ടോപ്പ് വിതരണം ചെയ്തട്ടില്ല. ഇത് സംബന്ധിച്ച് 11.08.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19) ന് ലഭ്യമാക്കിയ മറുപടിയിൽ 29 ലാപ്പ്ടോപ്പുകൾ 2021 ജൂലൈ മാസത്തിലാണ് ലഭിച്ചിട്ടുള്ളതെന്നും ആയത് പഞ്ചായത്തിന്റെ റിക്കോർഡ് മുറിയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആഗസ്റ്റ് 15 ന് പ്രസ്തുത ലാപ്പ്ടോപ്പുകൾ വിതരണം നടത്തുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ലാപ്പ്ടോപ്പുകൾ യഥാവിധി വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക ₹658387/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 വസ്തു നികുതി ഫയലുകൾ ഹാജരാക്കാത്തത് സംബന്ധിച്ച്

തൻ വർഷത്തെ വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകൾ, ഫയലുകൾ, അസ്സസ്സ്മെന്റ് രജിസ്റ്റർ മുതലായവ പരിശോധനയക്ക് ഹാജരാക്കിയില്ല. ആയത് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.30 തീയതി 12.08.2021) നൽകിയെങ്കിലും മറുപടിയോ ഫയലുകളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഓഡിറ്റ് എൻക്വയറി അവഗണിച്ച് ഫയലുകൾ ഹാജരാക്കാത്തത് നിരുത്തരവാദപരമായ കൃത്യ വിലോപമായി വിലയിരുത്തുന്നു. ഫയലുകൾ തയ്യാറാക്കി പരിശോധനയക്ക് ഹാജരാക്കേണ്ടതാണ്.

1-19 ബിറ്റുമിൻ-ബാരൽ വില കുറവ് ചെയ്യാതെ ബിൽ തുക നൽകി- നഷ്ടം ₹13769/

| | |
|---|---|
| പ്രോജക്ട് | S0179/21, ആനക്കൽപ്പെട്ടി മൈക്കിൾഗിരി റോഡ് റീടാറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| അടങ്കൽ | ₹15,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| അളവ് ബുക്ക് നമ്പർ | 115/2021 |
| കരാറുകാരൻ | ഏദൻസ് കൺസ്ട്രക്ഷൻസ് (പ്രൈ) ലിമിറ്റഡ് |
| ബിൽ നം./തീയതി /തക | 2010035200890141905/29.03.2021/₹14,85,733/- |

അസിസ്റ്റന്റ് എൻജിനീയർ 2020-21 വർഷം നിർവ്വഹണം നടത്തിയ ആനക്കൽപ്പെട്ടി മൈക്കിൾഗിരി റോഡ് റീടാറിംഗ് എന്ന പ്രവ്യത്തിയിൽ ടാറിംഗ് വേലയ്ക്ക് ബാരൽ ബിറ്റുമിന്റെ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കോൺട്രാക്ടർക്ക് തുക നൽകിയിരിക്കുന്നു.

എന്നാൽ ബില്ലിൽ നിന്നും ടാർ വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കായി 49 ബാരൽ (7749 കിലോഗ്രാം) ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. ബാരൽ ഒന്നിന് ജി.എസ്.ടി. ഉൾപ്പെടെ ₹281/- നിരക്കിൽ 49 ബാരലിന് ₹13769/- അധികമായി നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് 13.08.2021-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 38 ന് ലഭ്യമാക്കിയ വിശദീകരണത്തിൽ മാർച്ച് മാസത്തിലെ തിരക്ക് മൂലം തുക കുറവ് ചെയ്യുവാൻ വിട്ടുപോയിട്ടുള്ളതാണെന്നും തുക ഈടാക്കി 17.08.2021 121050100576 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക സഞ്ചിതനിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 ഖരമാലിന്യം നീക്കം ചെയ്യൽ, നിർമ്മാർജനം-പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | ഖരമാലിന്യം നീക്കം ചെയ്യൽ നിർമ്മാർജനം (20/21) |
| അടങ്കൽ | 400000/-(വികസനഫണ്ട്(ജനറൽ)) |
| നിർവഹണം | സെക്രട്ടറി |
| ചെലവ് | |
| ബിൽ നം./തീയതി | തുക |
| 20100352013700944059/14.1.21 | 339800/- തനതുഫണ്ടിൽ നിക്ഷേപിച്ച |
| 20100352013700944047/7.1.21 | 45200/-വീരൻ (15200/-),ഇളയരാജ (30000/-) |
| 20100352013700944052/14.1.21 | 15000/-ഏദൻസ് കൺസ്ട്രക്ഷൻ |

2020-2021 വർഷം ഖരമാലിന്യം നീക്കം ചെയ്യൽ, നിർമ്മാർജനം എന്നിവയ്ക്ക് വേണ്ടി തയ്യാറാക്കിയ മേൽ പദ്ധതി പ്രകാരം 4,00,000/- ചെലവ് ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം ഈ ചെലവുകൾ തൊഴിലാളികളുടെ വേതനം, ഡ്രൈവറുടെ വേതനം, ജെസിബി ഉപയോഗിച്ച് മാലിന്യം നീക്കം ചെയ്യൽ, സെപ്റ്റി ടാങ്ക് ക്ലീനിംഗ് എന്നിവയ്ക്ക് വേണ്ടിയാണ് വകയിരുത്തിയിരുന്നത്. എന്നാൽ, ചെലവുകൾ സംബന്ധിച്ച് വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല. വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/13.8.21) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ചെലവുകളുമായി ബന്ധപ്പെട്ട മസ്റ്റർ റോൾ, മാലിന്യം ശേഖരിക്കുന്നത്, നിർമ്മാർജനം ചെയ്യുന്നത്, ട്രിപ്പ് ഷീറ്റ്, തൊഴിലാളികളുടെ വിവരങ്ങൾ തുടങ്ങിയവയുടെ അഭാവത്തിൽ 4,00,000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ ചെലവുകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കി ചെലവ് തടസം ഒഴിവാക്കേണ്ടതാണ്.

1-21 വൃക്കരോഗികൾക്ക് ഡയാലിസിസ് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| ബിൽ നമ്പർ/ തിയതി | തുക |
|---|---|
| 0683/28.03.2021 | 150000 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വൃക്കരോഗികൾക്ക് ഡയാലിസിസ് എന്ന പദ്ധതിയിൽ വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിനായി 150000/-രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് മുഖേന നൽകിയിട്ടുണ്ട്. എന്നാൽ ടി തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയതിനാൽ 150000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ലൈഫ് പദ്ധതി - മുടങ്ങിപോയ ഭവനങ്ങളുടെ വിവരം

ലൈഫ് ഭവന പദ്ധതി- വീട് പണി മുടങ്ങിയ ഗുണഭോക്താക്കളുടെ വിവരം

| ക്രമനം | ഗുണഭോക്താവ് | നല്കിയ തുക ₹ | മുടങ്ങിയതിന്റെ കാരണം |
|---|---|---|---|
| 1 | സരസ്വതി ആർ | 40000 | സ്ഥലസംബന്ധമായ |

| | | | |
|---|---|---|---|
| | പുതച്ചിവയൽ,മറയൂർ വാർഡ് നം6 | | പ്രശ്നങ്ങൾ ഉള്ളതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 2 | രമണി രാജു,ചെമ്മൺകുഴി മറയൂർ,വാർഡ്7 | 60000 | സ്ഥലസംബന്ധമായ പ്രശ്നങ്ങൾ ഉള്ളതിനാൽ ഭവനനിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നു |
| 3 | ജീവിത എസ് പിള്ള പള്ളനാട് മറയൂർ വാർഡ് 13 | 160000 | അനാസ്ഥ |

ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തദ്ദേശസ്വയംഭരണവകുപ്പിന്റെ 19-04-2011 ലെ സ.ഉ (കൈ) 1038/11 ഉത്തരവിലെ നിർദ്ദേശാനുസരണം 12% പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

1-23 എസ്.എസ്.എ.വിഹിതം ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ₹300000/-ചെലവ് തടസ്സം

| | |
|---|---|
| ബിൽ നം./ തീയതി/തുക | 6256/20-21/30.03.2021/ ₹300000 വികസനഫണ്ട് (ടി.എസ്.പി) |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം - |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020 -2021വർഷം എസ്.എസ്.എ. വിഹിതം ഒടുക്കുന്നതിലേക്കായി പ്രോജക്ട് ആവിഷ്കരിക്കുകയും ₹300000/- എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ചെലവഴിക്കാനുദ്ദേശിക്കുന്ന തുക, പ്രവർത്തന ഉദ്ദേശ്യങ്ങൾ എന്നിവ വ്യക്തമാക്കുകയോ പ്രസ്തുത ചെലവിന് ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുകയുടെ കൃത്യത വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് ഓഫീസർക്ക് നൽകിയ ₹300000/- വിനിയോഗിച്ചു എന്നു മാത്രം രേഖപ്പെടുത്തിയ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടുണ്ട്. ആകെ പ്രതീക്ഷിത ചെലവ്, ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുക എന്നിവ വ്യക്തമാക്കിയ ഡിമാന്റ് നോട്ടീസിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക സർക്കാർ ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള നിരക്കിലാണോ എന്നത് വ്യക്തമല്ല. ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ട രീതിയിലും അനുപാതത്തിലും തുക ചെലവഴിച്ചു എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹300000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 തുക അടവാക്കിയെങ്കിലും മരുന്ന് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം. | 22/21 |
| പദ്ധതി | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹100000/- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| ബിൽ നം,തുക | 1899/2020-21 തീ 07.01.2021, ₹100000/- |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ആലപ്പുഴയിലുള്ള ഹോംകോയ്ക്ക് ₹100000/- നൽകിയെങ്കിലും നാളിതുവരെയും മരുന്ന് ലഭിച്ചിട്ടില്ല. ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് എൻട്രി നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-തനത് ഫണ്ടിൽ നിന്ന് തുക നൽകിയത് ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.02.2016 ലെ സർക്കാർ ഉത്തരവ് (സാധാ.) 409/16 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ, ഈയിനത്തിൽ മുൻകൂർ ആയി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് നൽകിയ ₹414569/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

1-26 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

താഴെ പറയുന്ന രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1-26-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-26-2 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-26-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-26-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-26-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് അപ്ഡേറ്റ് ചെയ്തിട്ടില്ല.

1-26-6 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-27 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2021ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ വൻതുക നീക്കിയിരിപ്പ് ഉണ്ട്. വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാലും വ്യക്തമായ പരാമർശം ഉൾപ്പെടുത്താതെ വരവെടുത്തിട്ടുള്ളതാനാലും വിവിധ ശീർഷകങ്ങളിൽ നൽകിയിരിക്കുന്ന തുകകളുടെ ആധികാരികത വ്യക്തമല്ല. അതിനാൽ അനുവദിച്ച ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കാതെ ലാപ്സായി പോകുന്നതിനും വകമാറ്റി ചെലവഴിക്കുന്നതിനും സാധ്യതയുണ്ട്. ബാലൻസ് ഷീറ്റിൽ നൽകിയിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് അവ അനുവദിച്ച ഉദ്ദേശ്യത്തിനു തന്നെ, തുക ലാപ്സായി പോകാതെ, വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | ഹെഡ് | തുക ₹ |
|---|---|---|
| | | |

| | | |
|---|---|---|
| 1 | 320100115 (TSC) | 1083512 |
| 2 | 320100121 | 920270 |
| 3 | 320200103 | 3572366 |
| 4 | 320200207 | 297271 |
| 5 | 320200311 | 154270 |
| 6 | 320200324 | 715965 |
| 7 | 320200322 ശുചിത്വമിഷൻ | 1448372 |
| 8 | 320300102 | 6439866 |
| 9 | 320300103 | 35750 |
| 10 | 320700204 | 2571750 |
| 11 | 320300199 | 32527305 |
| 12 | 320800299 | 80657 |
| 13 | 320900299 | 300000 |

1-28 വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ്- എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല

2020-21 സാമ്പത്തിക വർഷം 138 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്ന് രജിസ്റ്റർ പ്രകാരം കാണുന്നു. സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടനികുതി നിർണയ രേഖകൾ പ്രകാരം വാണിജ്യാവശ്യത്തിനായി 307 കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട്. മുൻവർഷങ്ങളിലെ അപേക്ഷിച്ച് ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ കുറവാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നോട്ടീസ് നൽകി പിഴ ഈടാക്കുന്നതിനും ലൈസൻസ് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതും സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-29 ജലനിധി

പഞ്ചായത്ത് കമ്മിറ്റിയുടെ 30.9.2020 ലെ 6-ാം നമ്പർ തീരുമാനപ്രകാരം ജലനിധി പദ്ധതിയിൽ മറയൂർ ഗ്രാമ ഗുണഭോക്തൃ സമിതിയിൽ മിച്ചം വന്ന ജി ഐ പൈപ്പുകൾ ലേലം ചെയ്യുന്നതിന് വാല്യുവേഷൻ തയ്യാറാക്കുന്നതിന് എൽ എസ് ജി ഡി അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ടു സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.33/13.08.21 ന് മറുപടി നല്കിയിട്ടില്ല. ജലനിധി ബാങ്ക് സ്റ്റേറ്റ്മെന്റ്, ജല നിധിയുമായുള്ള പഞ്ചായത്തിന്റെ കരാർ, മറയൂർ ഗ്രാമപഞ്ചായത്തിലെ ജലനിധിയിലുള്ള ബെനഫിഷറി ഗ്രൂപ്പുകളുടെ എണ്ണം, ഇവയിൽ പൂർത്തിയായവയുടെ വിവരം, ജലനിധിക്ക് നാളിതുവരെ നല്കിയ തുക എന്നിങ്ങനെ പഞ്ചായത്തിലെ ജലനിധിയുടെ പ്രവർത്തനം സംബന്ധിച്ച് പ്രാഥമിക വിവരങ്ങൾ പോലും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം 31.3.21ൽ ₹64398666/- ജലനിധിയിൽ ബാലൻസ് ഉണ്ട്. ഇത്രയും വലിയ തുക അക്കൗണ്ടിൽ സൂക്ഷിക്കാനിടയായ സാഹചര്യം ഓഡിറ്റിന് വ്യക്തമല്ല. തുക വിനിയോഗിക്കുന്നില്ലായെങ്കിൽ ആയത് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിവെള്ളത്തിനായി നടപ്പാക്കിയ പദ്ധതിയിൽ നിന്നും ലഭിക്കുന്ന ജലം മലിനമാണെന്ന വ്യാപക പരാതി പൊതുജനങ്ങളിൽ നിന്നും പഞ്ചായത്തിനു ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തിലെ ജലനിധിയുടെ പ്രവർത്തനം സംബന്ധിച്ച് സമഗ്ര വകുപ്പുതല അന്വേഷണം നടത്തുന്നതിന് ശിപാർശ ചെയ്യുന്നു.

1-30 പ്രൊക്യൂർമെന്റ് കമ്മിറ്റി സംബന്ധിച്ച്

സർക്കാർ ഉത്തരവ് ജി.ഒ.(പി)259/2010/എൽ.എസ്.ജി.ഡി തിയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യുയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായേഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ, രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ് പ്ലാൻ തൻവർഷം തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-31 മോണിറ്ററിംഗ് സമിതികൾ നിർജീവം

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതതു മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ വിവരം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ, പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്തസത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-32 ദുരിതാശ്വാസ നിധി സംബന്ധിച്ച്

2003ലെ കേരള പഞ്ചായത്ത്രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-33 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല

വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി രൂപീകരണ പ്രക്രിയയിൽ നവ മാദ്ധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനും ശ്രമിക്കേണ്ടതാണ്.

1-34 ലൈഫ് മിഷൻ- പട്ടിക വർഗ്ഗ വിഭാഗം-അവലോകനം

| ഫണ്ട് ഇനം | വകയിരുത്തിയത് (₹) | ചെലവഴിച്ചത് (₹) |
|---|---|---|
| വികസ ഫണ്ട് (ടി.എസ്.പി.) | 2000000/- | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 20000000/- | 19900000/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2500000/- | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 6000000/- | 0 |
| മറ്റുള്ളവ (വായ്പ) | 45000000/- | 18190000/- |
| ആകെ | 75500000/- | 38090000/- |

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തുന്ന പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ഇതുവരെ 228 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെടുകയും 160 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും 66 ഗുണഭോക്താക്കൾ വിവിധ ഘട്ടങ്ങളിലായി നിർമ്മാണം നടത്തിവരികയും രണ്ട് പേർ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമാണ്. ഒട്ടേറെ ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പദ്ധതി ആയതിനാലും സാമ്പത്തികവും സാമൂഹ്യവുമയി വളരെ പിന്നാക്കാവസ്ഥയിലുള്ള ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പദ്ധതി ആയതിനാലും നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഗുണഭോക്താക്കൾക്ക് യഥാസമയം പണം വിതരണം ചെയ്യുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

1-35 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

മറയൂർ ഗ്രാമ പഞ്ചായത്തിൽ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് 2020-21 വർഷം വിവിധങ്ങളായ പ്രതിരോധ

പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിയിട്ടുണ്ട്. പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 6400/- രൂപ ചെലവഴിച്ച് 40 യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. മരുന്ന്, സാനിറ്റൈസർ, മാസ്ക് തുടങ്ങിയ മറ്റ് പ്രതിരോധ സാമഗ്രികളും വാങ്ങുന്നതിനായി ₹148088/- ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് തല കോവിഡ് പ്രതിരോധ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ യഥാസമയം നിരീക്ഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. FLTC ആരംഭിക്കുന്നതിനും 13 പൾസ് ഓക്സിമീറ്റർ സ്ഥാപിക്കുന്നതിനുമായി ₹75879/- ചെലവഴിച്ചിട്ടുണ്ട്. പൾസ് ഓക്സി മീറ്ററുകൾ ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുള്ളതും സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതുമാണ്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി പ്രത്യേക ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുകയോ വകയിരുത്തുകയോ ചെയ്തിട്ടില്ല. ഡയാലിസിസ് ചെയ്യുന്നവർ, അർബുദരോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. പഞ്ചായത്ത് വക കെട്ടിടത്തിൽ ഒരു ഫസ്റ്റ് ബെൽ പഠനകേന്ദ്രം രൂപീകരിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയിൽ കൃഷി ഭവന്റെ നേതൃത്വത്തിൽ ₹819500/- ചെലവഴിച്ച് തരിശ് പാടത്ത് നെൽകൃഷി, പച്ചക്കറി കൃഷി,വാഴ കൃഷി, മരച്ചീനി, മറ്റ് കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്തുവരുന്നു. സൗഭാഗ്യ കുടുംബശ്രീ എന്ന പേരിൽ കമ്മ്യൂണിറ്റി കിച്ചൺ 8 ദിവസവേതന ജീവനക്കാരെ നിയമിച്ച് ആരംഭിച്ചിട്ടുള്ളതും കറന്റ് ചാർജ്, വാടക എന്നീയിനങ്ങളിൽ ഗ്രാമപഞ്ചായത്ത് ₹ 54146/- ചെലവഴിച്ചിട്ടുമുണ്ട്. 1495 കിലോ ഗ്രാം അരി വിവിധ മാർഗ്ഗങ്ങളിലൂടെ സംഭാവനയായി ലഭിച്ചു. സംഭാവന ഇനത്തിൽ ₹31660/- ലഭിച്ചിട്ടുള്ളത്. ഈ തുക കമ്മ്യൂണിറ്റി കിച്ചനുവേണ്ടി വിനിയോഗിച്ചിട്ടുള്ളതാണ്. 13 വിവിധ കമ്മിറ്റികൾ നിയമപ്രകാരം ഓൺലൈനായി ചേർന്നിട്ടുണ്ട്. ദുരന്ത നിവാരണ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ആസൂത്രണ മാർഗ്ഗരേഖ തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ളതുമാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ 2021-22 വർഷവും തുടർന്നു വരുന്നുണ്ട്. പഞ്ചായത്തിന്റെ സംയോജിതമായ ഇടപെടൽ കോവിഡ് വ്യാപനത്തെ ഒരു പരിധിവരെ തടയുവാൻ സഹായകമായിട്ടുണ്ട്.

## ഭാഗം -2

### 2-1 മൊബൈൽ ടവറുകളുടെ വാടക ഈടാക്കുന്നില്ല തൻ വർഷ കുടിശിക ₹7629/-

ഗ്രാമ പഞ്ചായത്തിൽ BSNL, VODAFONE, JIO എന്നീ കമ്പനികളുടെ ഓരോ ടവറുകളാണുള്ളത്. വാടകയിനത്തിൽ തൻവർഷം ₹7629/- യുടെ കുടിശിക ഉണ്ടായിട്ടുണ്ട്.

| കമ്പനി | പ്രതിവർഷ ഡിമാന്റ് | തൻ വർഷ കുടിശിക ₹ |
|---|---|---|
| BSNL | 4940 | 4940 |
| JIO | 13435 | 2689 |
| | ആകെ | 7629 |

BSNL കമ്പനിയുടെ 2013-14 സാമ്പത്തിക വർഷം മുതലുള്ള വാടക നാളിതുവരെയും ഒടുക്കിയിട്ടില്ല. ആയതിനാൽ ₹34580/- കുടിശിക അവശേഷിക്കുന്നു. ഇത്തരം കമ്പനികൾ വാടക അടവാക്കാത്തത് തികച്ചും നിരുത്തരവാദമായ പ്രവൃത്തിയാണ്. കർശന നിയമ നടപടികളിലൂടെ കുടിശിക തുക പിഴ പലിശ സഹിതം ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

### 2-2 വാടക ഈടാക്കിയില്ല നഷ്ടം ₹25200/-

മറയൂർ ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് കൊടുത്തതിൽ താഴെ പരാമർശിക്കുന്ന വാടകക്കാരൻ തുക അടവാക്കാത്തതിനാൽ നഷ്ടം വന്നതായി കാണുന്നു.

| ക്രമ നം | വാടകക്കാർ | മുറി നം & പ്രതിമാസ വാടക | മുടക്ക് വരുത്തിയ മാസം | കുടിശിക തുക ₹ |
|---|---|---|---|---|
| 1 | ശ്രീ. ചന്ദ്രശേഖരൻ S/O ഭൂമിനാഥൻ, മറയൂർ ഗ്രാമം, മറയൂർ | മുറി നം : 11 ₹3600 | 09/2020 മുതൽ 3/2021 വരെ | 25200 |

18.09.2020 മേൽ വാടകക്കാരന്റെ പേരിൽ മുദ്രപത്രം വാങ്ങി വച്ചിട്ടുണ്ട്. കരാർ വിവരങ്ങൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം. 29 തീയതി : 12.08.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിശികക്കാരനിൽ

നിന്നും പ്രസ്തുത തുക 18% ജി.എസ്.റ്റി 1% പ്രളയസെസ്, നിയമാനുസൃത പലിശ എന്നിവ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം -3

### 3-1 ടെണ്ടർ നടപടിക്രമങ്ങളിൽ ഗുരുതര ക്രമക്കേട് - ഗ്രാമ പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം

അസിസ്റ്റന്റ് സെക്രട്ടറി 2018-19-ൽ ഏറ്റെടുത്തതും 2019-20 വർഷം നടപ്പാക്കിയതും 2020-21 വർഷം ഏറ്റെടുത്ത് നടപ്പാക്കിയതുമായ പദ്ധതികൾക്കായി നടത്തിയിരിക്കുന്ന വാങ്ങലുകളിൽ ഗുരുതരമായ ക്രമക്കേടുകൾ ഉണ്ടായിരിക്കുന്നു.

. ടെണ്ടറിൽ കുറഞ്ഞ നിരക്ക് അംഗീകരിക്കാതിരിക്കുന്നു.

. ഒരു പ്രത്യേക സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുന്നതിന് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതിരിക്കുന്നു.

. സാമ്പിൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് സ്ഥാപനങ്ങൾക്ക് കത്തയച്ചതായി വ്യാജ രേഖ ഉണ്ടാക്കി പിന്നീട് സാമ്പിൾ ലഭ്യമാക്കിയില്ല എന്ന കാരണം പറഞ്ഞ് കുറഞ്ഞ നിരക്കുള്ള ടെണ്ടർ നിരസിക്കുന്നു.

. ഇ-ടെണ്ടർ നടപടി ഒഴിവാക്കുന്നതിന് പരിധിക്ക് തൊട്ടുതാഴെ അടങ്കൽ നിശ്ചയിക്കുന്നു.

. ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെടാത്ത ഇനങ്ങൾ വാങ്ങിയിരിക്കുന്നു.

. പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ക്ഷമതയുള്ള വിദഗ്ധരെ ഉൾപ്പെടുത്തിയിട്ടില്ല.

. ടെണ്ടർ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ലാത്തതിനാൽ ലഭിച്ച ടെണ്ടറുകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല.

. മേശ, കസേര പോലുള്ള സാധനങ്ങളുടെ ടെണ്ടർ സമർപ്പിക്കുമ്പോൾ അതോടൊപ്പം സാമ്പിൾ സമർപ്പിക്കുക എന്ന അപ്രായോഗിക നിബന്ധന ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | (S0101/20) S0090/21, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും) | (S0103/20) S0092/21, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം (മേശയും കസേരയും) |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹4,90,000/- (വികസന ഫണ്ട് എസ്.സി.പി.) | ₹4,90,000/- (വികസന ഫണ്ട് ടി.എസ്.പി.) |
| ചെലവ്- ബിൽ നം./തീയതി / തുക | 4/2020-21/ 22.04.2020/₹490000/- | 20100352013801333173/ 11.04.2020/₹490000/- |

2019-20 വർഷം അസി.സെക്രട്ടറി ഏറ്റെടുത്തതും 2020-21 വർഷം നിർവ്വഹണം നടത്തിയതുമായ മേൽ പദ്ധതികൾക്കായി ടെണ്ടർ ക്ഷണിച്ച് 200മേശയും 200കസേരയും വാങ്ങി നൽകിയിരിക്കുന്നു. സ്റ്റീൽ മേശയും കസേരയും വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും പാർട്ടിക്കിൽ ബോർഡിലുള്ള മേശയും പ്ലാസ്റ്റിക് കസേരയും വാങ്ങുകയും ചെയ്തു. സ്റ്റീൽ മേശയ്ക്ക് താഴെ പറയും പ്രകാരം നിരക്കുകൾ രേഖപ്പെടുത്തിയ ടെണ്ടറുകൾ ലഭിച്ചിരുന്നു.

| ക്രമ നം. | സ്ഥാപനം | ക്വോട്ട് ചെയ്ത നിരക്ക് (സ്റ്റീൽ മേശ 20G) | റിമാർക്സ് |
|---|---|---|---|
| 1 | കാർത്തിക എന്റർപ്രൈസസ് | 2280 | |
| 2 | റേയ്ഡ്കോ കേരള ലിമിറ്റഡ് | 4250 | |
| 3 | ജോജിൻ ഇൻഡസ്ട്രീസ് | 2600 | 3600 (18G) |

| | | | |
|---|---|---|---|
| 4 | എ.എസ്.ടി. മെഡിടെക് | 3186 | |
| 5 | ഒലീവിയ ഹോം വേൾഡ് | 3500 | 4500 (Particle Board) |
| 6 | ഏദൻസ് കൺസ്ട്രക്ഷൻസ് | 4400 | |

സ്റ്റീൽ മേശയും കസേരയും വാങ്ങുന്നതിനുള്ള ടെണ്ടറാണ് ക്ഷണിച്ചിരുന്നതെങ്കിലും ഒലീവിയ ഹോം വേൾഡ് എന്ന സ്ഥാപനം മാത്രം പാർട്ടിക്കിൾ ബോർഡ് എന്ന വസ്തു ഉപയോഗിച്ചുള്ള മേശയുടെ നിരക്ക് കൂടി ടെണ്ടറിൽ രേഖപ്പെടുത്തുകയും ആയത് കൂടിയ നിരക്ക് ആയിരുന്നിട്ടും അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മേൽ ടെണ്ടർ പ്രകാരം വിവിധ സ്ഥാപനങ്ങൾ കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയെങ്കിലും അവയൊന്നും പരിഗണിച്ചിട്ടില്ല. സാമ്പിൾ പരിശോധനയ്ക്കായി ഹാജരാക്കിയത് ഏദൻസ്, ഒലീവിയ എന്നീ രണ്ട് സ്ഥാപനങ്ങൾ മാത്രമാണെന്നും അതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഏദൻസ് എന്ന സ്ഥാപനത്തിന്റെ മേശ ഒന്നിന് ₹4400/- നിരക്കിൽ അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യുവാൻ 09/01/2020 ലെ പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനിച്ചിരുന്നു. തുടർന്ന് തൊട്ടടുത്ത ദിവസം 10.01.2020 ലെ പർച്ചേസ് കമ്മിറ്റി ഏദൻസ് എന്ന സ്ഥാപനത്തിന് സ്റ്റോർപർച്ചേസ് വകുപ്പിന്റെ അനുമതി പ്രകാരം ഫർണിച്ചർ വിതരണം ചെയ്യുന്നതിന് അനുവാദം ഇല്ല എന്ന കാരണത്താൽ സപ്ലൈ ഓർഡർ റദ്ദ് ചെയ്യുന്നതിനും ഒലീവിയ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുന്നതിനും ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു. എന്നാൽ മുകളിൽ സൂചിപ്പിച്ച കാർത്തിക എന്റർപ്രൈസസ്, ജോജിൻ ഇൻഡസ്ട്രീസ്, എ.എസ്.ടി. മെഡിടെക് എന്നീ സ്ഥാപനങ്ങൾ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടും ആയത് പരിഗണിക്കാതെയാണ് കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് ടെണ്ടർ അംഗീകരിച്ച് നൽകിയത്. എല്ലാ സ്ഥാപനത്തിനും സാമ്പിൾ എത്തിക്കുന്നതിന് അറിയിപ്പ് നൽകിയ കത്തിന്റെ പകർപ്പ് ഫയലിൽ ഉണ്ടെങ്കിലും പ്രസ്തുത കത്ത് ടി സ്ഥാപനം കൈപ്പറ്റിയതിന് രേഖയില്ല. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ ഒന്നായ ജോജിൻ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് സാമ്പിൾ ഹാജരാക്കുന്നതിന് അറിയിപ്പ് യഥാസമയം ലഭിച്ചിരുന്നോ എന്നത് സംബന്ധിച്ച് ഓഡിറ്റ് വേളയിൽ അന്വേഷിച്ചതിൽ ഇപ്രകാരം ഒരു അറിയിപ്പ് ലഭിച്ചില്ല എന്ന് മാത്രമല്ല, ടെണ്ടർ തുടർ നടപടി സംബന്ധിച്ച വിവരത്തിന് പഞ്ചായത്തിൽ ഫോൺ വഴി അന്വേഷിച്ചപ്പോൾ തീരുമാനം ഒന്നും ആയിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത് എന്ന് ജോജിൻ ഇൻഡസ്ട്രീസ് രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്ക് സാമ്പിൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ കത്ത് നൽകിയതായി വ്യാജരേഖ ഉണ്ടാക്കി ഫയലിൽ ഇടുകയും കത്ത് സ്ഥാപനങ്ങൾക്ക് നൽകാതിരിക്കുകയുമാണ് ചെയ്യുന്നത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. തുടർന്ന് സാമ്പിൾ ഹാജരാക്കിയില്ല എന്ന കാരണത്താൽ കുറഞ്ഞ ടെണ്ടർ നിരസിക്കുകയും ഒലീവിയ ഹോം വേൾഡ്, ഇരുമ്പുപാലം എന്ന സ്ഥാപനത്തിന്റെ കൂടിയ നിരക്ക് അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. ഇത് മൂലം പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടായിരിക്കുന്നു. മാത്രമല്ല ടെണ്ടർ നോട്ടീസിൽ സ്റ്റീൽ/ഗുണമേന്മയുള്ള തടി/പ്ലൈവുഡ് എന്നിവ ഉപയോഗിച്ച് നിർമ്മിച്ച മേശയുടെ നിരക്ക് രേഖപ്പെടുത്തുവാനാണ് ആവശ്യപ്പെട്ടത്. എന്നാൽ ടെണ്ടർ അംഗീകരിച്ചത് Particle Board ഉപയോഗിച്ച് നിർമ്മിച്ച മേശയാണ്. ഇടുക്കി ജില്ലയിലെ ഉയർന്ന പ്രദേശങ്ങളിൽ തണുപ്പുള്ളതിനാൽ പാർട്ടിക്കിൾ ബോർഡ് ഉപയോഗിച്ചുള്ള ഫർണിച്ചർ വേഗത്തിൽ നശിച്ചുപോകും എന്ന സാഹചര്യം ഉണ്ടായിട്ടും വളരെ കൂടിയ നിരക്കിലുള്ള പ്രസ്തുത ഇനം വാങ്ങി നൽകിയിരിക്കുകയാണ്. പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ ഫർണിച്ചറിന്റെ ഗുണമേന്മ പരിശോധിക്കുവാൻ ക്ഷമതയുള്ള വിദഗ്ധനെ ഉൾപ്പെടുത്താതെ പഞ്ചായത്ത് ഭരണസമിതി തീരുമാനം കൈക്കൊള്ളുകയാണ് ചെയ്യുന്നത്. ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്താതിരുന്ന ഇനമായ പാർട്ടിക്കിൾ ബോർഡ് കൊണ്ടുള്ള മേശ വാങ്ങുക വഴി മത്സരാതിഷ്ഠിത ടെണ്ടറിന്റെ അഭാവത്തിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. രണ്ട് പദ്ധതികളുടെയും അടങ്കൽ ₹490000/- ആയതിനാൽ ഇ-ടെണ്ടർ നിർബന്ധമാക്കേണ്ട അഞ്ച് ലക്ഷം എന്ന പരിധി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് പദ്ധികളിലും ഓരേ സാധനങ്ങളാണ് വാങ്ങുന്നത് എന്നതിനാൽ ഒറ്റ ടെണ്ടറായി വിളിച്ചിരുന്നെങ്കിൽ കുറെക്കൂടി വിലക്കുറവ് കിട്ടുവാൻ സാദ്ധ്യത ഉണ്ടായിരുന്നതും പ്രയോജനപ്പെടുത്തിയിട്ടില്ല. കൂടുതൽ ഈട് നിൽക്കുന്നതും കുറഞ്ഞ വിലയിലുള്ളതുമായ സ്റ്റീൽ മേശ വാങ്ങാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 10.08.2021 നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 15,16) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഭരണസമിതിയുടെ 13.01.2020 ലെ 1(13) നമ്പർ തീരുമാനപ്രകാരമാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളതും വാങ്ങൽ നടത്തിയിട്ടുള്ളതും എന്ന് അറിയിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കായ ₹2280/- രൂപയുടെ ടെണ്ടർ അംഗീകരിക്കാതെ കൂടിയ നിരക്കായ ₹4500/- യുടെ മേശ അടങ്കൽ തുകയിൽ അധികരിക്കുന്നതിനാൽ ₹4400/- നിരക്കിൽ താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം ഒലീവിയ ഹോം വോൾഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | സ്ഥാപനം | ഇൻവോയ്സ് നം./ തീയതി | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|---|---|
| 1 | 90/21 | ഒലീവിയ ഹോം വേൾഡ് ഇരുമ്പുപാലം | 36/22.02.2020 | മേശ | 100 | 4400 | 440000 |
| 2 | 90/21 | ഒലീവിയ ഹോം വേൾഡ് ഇരുമ്പുപാലം | 38/22.02.2020 | പ്ലാസ്റ്റിക് കസേര | 100 | 500 | 50000 |
| | ആകെ | | | | | | 490000 |
| 1 | 92/21 | ഒലീവിയ | 37/22.02.2020 | മേശ | 100 | 4400 | 440000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഹോം വേൾഡ് ഇരുമ്പുപാലം | | | | | |
| 2 | 92/21 | ഒലീവിയ ഹോം വേൾഡ് ഇരുമ്പുപാലം | 39/22.02.2020 | പ്ലാസ്റ്റിക് കസേര | 100 | 500 | 50000 |
| | ആകെ | | | | | | 490000 |

കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് നടത്തിയ വാങ്ങലിൽ മേശ ഒന്നിന് ₹2120/- (4400-2280) നിരക്കിൽ രണ്ട് പദ്ധതികളിലായി 200 മേശയ്ക്ക് ₹424000/- നഷ്ടം ഉണ്ടായിരിക്കുന്നു. നഷ്ടതുക ടെണ്ടർ അംഗീകരിച്ച ഭരണ സമിതി യോഗത്തിൽ പങ്കെടുത്ത 13 അംഗങ്ങളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 2500000 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 2500000 | 0 |
| ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 107350 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 107350 | 0 |
| ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 93300 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 93300 | 0 |
| ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 399200 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 399200 | 0 |
| ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 467136 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 467136 | 0 |
| ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 1095000 | വൃദ്ധർക്ക് കട്ടിൽ(എസ്.സി.പി) | 1095000 | 0 |
| ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 400000 | വൃദ്ധർക്ക് കട്ടിൽ(റ്റിഎസ്.പി) | 400000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2020-2021 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |

**4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ/വായ്പ തിരിച്ചടവ്**

വായ്പാ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ലോൺ വിശദാംശങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല. വാർഷിക കണക്ക് പ്രകാരം തൻവർഷം കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും ₹13250000/-ലൈഫ് പദ്ധതിക്കായി വരവ് ഉണ്ട്. വർഷാവസാനം ജവഹർ പദ്ധതി പ്രകാരം ₹5433038/-യും കെ.യു.ആർ.ഡി.എഫ്.സി പ്രകാരം ₹99004568/- തിരിച്ചടക്കുവാൻ അവശേഷിക്കുന്നു. വായ്പ അനുവദിച്ച ഉത്തരവ് നം./തീയതി വർഷാരംഭത്തിലുള്ള വായ്പ, തൻവർഷം ലഭിച്ച വായ്പ, തിരിച്ചടവ്, നീക്കിയിരുപ്പ് എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2006-07 2.5 | 2009-10 | 2-6 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം ₹58,260/- | തുടരുന്നു |
| 2 | 2014-15 2.3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | |

**4-9 ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം**

(എ) ചാർജ് നടപടികളുടെ വിവരം
ഇല്ല

(ബി) സർച്ചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | സർട്ടിഫിക്കറ്റ് നം. | | സ്വയം അടവാക്കിയ തുക, രസീത് നം. തീയതി | റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയ തുക ₹ | |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക |
| 1 | 1996-97 | 31,34, 36, 47(2) | വി.ആർ. കരുണാകരൻ സെക്രട്ടറി | LF/1989/ Spl. Cell/ SC2/ 2000 Dt. 16-08-01 | 7349+ Interest For 6912@18% | | | |
| 2 | 1998-99 | 36 | എ.വർഗ്ഗീസ്, സെക്രട്ടറി | LF/16860/ Spl. | 2500 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | Cell/ SC2/02 Dt. 06-05-03 | | | | |
| 3 | 2000-01 | 27 | എ.വർഗ്ഗീസ്, സെക്രട്ടറി | LF/8987/ Spl.Cell/ SC2/04 Dt. 30.04.05/ 01.06.05 | 923 | | | |
| 4 | 2002-03 | 3-6 | ഇ.കെ.രവി സെക്രട്ടറി | LF/10180/ Spl.Cell/ SC2/06 Dt.13.02.07/ 16.03.2007 | 1067 | | | |
| 5 | 2003-04 | 3-7 | കെ.ശശിധരൻ സെക്രട്ടറി | LF/19648/ Spl.Cell/ SC2/07 Dt.27.01.10 | 6922 | | | |
| 6 | 2005-06 | 3-4 (Part) | ജോയി തോമസ് അസി. എഞ്ചിനിയർ. | LF/2112/ Spl.Cell/ SC2/09 Dt. 16-04-11 | 1189 | 2378/- Rt.No. 11305100701/ 31-10-13 | | |
| 7 | 2005-06 | 3-4 (Part) | കെ. മോഹൻ ബാബു എക്സിക്യൂട്ടീവ് എഞ്ചിനിയർ | LF/2112/ Spl.Cell/ SC2/09 Dt. 16-04-11 | 1189 | | | |
| 8 | 2009-10 | 3-11 | എസ് രാജേന്ദ്രൻ അസി. എക്സികുട്ടീവ് എഞ്ചിനിയർ | LF/8728/ Spl.Cell/ CSC/C1/ 14(2) Dt 05-09-16 | 13914 | | | |
| 9 | 2009-10 | 3-6 & 3-7 (Part) | എസ്. കെ. ശ്രീനിവാസൻ നായർ സെക്രട്ടറി | LF/8728/ Spl.Cell/ CSC/C1/ 14(1) Dt 05-09-16 | 45192 | | | |
| 10 | 2011-12 | 3-1 | സി. ശശീന്ദ്രൻ സെക്രട്ടറി | KSA/7771/ Spl.Cell/ CSC/C1/ 2015 | 131044 | | | |
| 11 | 2011-12 | 3-2 | യേശുദാസ് എക്സ്. | KSA/7771/ Spl.Cell/ CSC/C1/ 2015 | 30680 | | | |

<u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 170884186 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 148716063 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 32829 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 424000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2831387 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

| | | | | |
|---|---|---|---|---|
| 2-1 | 7629 | | ശ്രീ.സോണി മാത്യു, സെക്രട്ടറി | |
| 2-2 | 25200 | | ശ്രീ.സോണി മാത്യു, സെക്രട്ടറി | |
| 3-1 | - | 424000 | പി.ജബരാജ് , അസിസ്റ്റന്റ് സെക്രട്ടറി | 30295 |
| | | | ദീപ അരുൾജ്യോതി, ലക്ഷ്മി ഇല്ലം, പുതുച്ചിവയൽ, മറയൂർ, ഭരണസമിതിയംഗം | 30285 |
| | | | ആരോഗ്യദാസ്, അജീഷ് ഭവൻ, മേലാടി, മറയൂർ,ഭരണസമിതിയംഗം | 30285 |
| | | | ബാലകൃഷ്ണൻ, ലോകനായകം, പട്ടിക്കാട്, മറയൂർ,ഭരണസമിതിയംഗം | 30285 |
| | | | ജോമോൻ തോമസ്, കൊച്ചേത്ത്, സഹായഗിരി, മറയൂർ, ഭരണസമിതിയംഗം | 30285 |
| | | | ശാന്തി തങ്കവേലു, വിഘ്നേഷ് ഭവൻ, പട്ടംകോളനി മറയൂർ,ഭരണസമിതിയംഗം | 30285 |
| | | | ശരണ്യ രാജൻ, കുമ്മിട്ടാംകുഴി, മറയൂർ, ഭരണസമിതിയംഗം | 30285 |
| | | | ഉഷ കുമാരി, ജവഹർ നഗർ, മറയൂർ, ഭരണസമിതിയംഗം | 30285 |
| | | | മുരുകവേൽ, പട്ടിക്കാട്, മറയൂർ,ഭരണസമിതിയംഗം | 30285 |
| | | | ഫ്രാൻസിസ് കെ.വി, കല്ലിങ്കൽ, മാശിവയൽ, മറയൂർ,ഭരണസമിതിയംഗം | 30285 |
| | | | ബാലകൃഷ്ണൻ വി., ഊരുവാസൽ, മേലാടി, മറയൂർ, ഭരണസമിതിയംഗം | 30285 |
| | | | ശാന്തി മാരി, നാച്ചിവയൽ എസ്.സി. കോളനി, മറയൂർ,ഭരണസമിതിയംഗം | 30285 |
| | | | റെജീന ജോസഫ്, തെക്കേൽ, ആനക്കാപ്പെട്ടി, മറയൂർ,ഭരണസമിതിയംഗം | 30285 |
| | | | സഹായമേരി, പള്ളനാട്, മറയൂർ,ഭരണസമിതിയംഗം | 30285 |
| | | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-16-2 | 1323000 | പി.ജബരാജ് , അസിസ്റ്റന്റ് | 94500 |

| | | | |
|---|---|---|---|
| | | സെക്രട്ടറി | |
| | | ദീപ അരുൾജ്യോതി, ലക്ഷ്മി ഇല്ലം, പുതുച്ചിവയൽ, മറയൂർ, ഭരണസമിതിയംഗം | 94500 |
| | | ആരോഗ്യദാസ്, അജീഷ് ഭവൻ, മേലാടി, മറയൂർ,ഭരണസമിതിയംഗം | 94500 |
| | | ബാലകൃഷ്ണൻ, ലോകനായകം, പട്ടിക്കാട്, മറയൂർ,ഭരണസമിതിയംഗം | 94500 |
| | | ജോമോൻ തോമസ്, കൊച്ചേത്ത്, സഹായഗിരി, മറയൂർ, ഭരണസമിതിയംഗം | 94500 |
| | | ശാന്തി തങ്കവേലു, വിഘ്നേഷ് ഭവൻ, പട്ടംകോളനി മറയൂർ,ഭരണസമിതിയംഗം | 94500 |
| | | ശരണ്യ രാജൻ, കുമ്മിട്ടാംകുഴി, മറയൂർ, ഭരണസമിതിയംഗം | 94500 |
| | | ഉഷ കമാരി, ജവഹർ നഗർ, മറയൂർ, ഭരണസമിതിയംഗം | 94500 |
| | | മുരുകവേൽ, പട്ടിക്കാട്, മറയൂർ,ഭരണസമിതിയംഗം | 94500 |
| | | ഫ്രാൻസിസ് കെ.വി, കല്ലിങ്കൽ, മാശിവയൽ, മറയൂർ,ഭരണസമിതിയംഗം | 94500 |
| | | ബാലകൃഷ്ണൻ വി., ഊരുവാസൽ, മേലാടി, മറയൂർ, ഭരണസമിതിയംഗം | 94500 |
| | | ശാന്തി മാരി, നാച്ചിവയൽ എസ്.സി. കോളനി, മറയൂർ,ഭരണസമിതിയംഗം | 94500 |
| | | റെജീന ജോസഫ്, തെക്കേൽ, ആനക്കാപ്പെട്ടി, മറയൂർ,ഭരണസമിതിയംഗം | 94500 |
| | | സഹായമേരി, പള്ളനാട്, മറയൂർ,ഭരണസമിതിയംഗം | 94500 |
| 1-17 | 658387 | ശ്രീ. പി.ജബരാജ്,അസി.സെക്രട്ടറി | |
| 1-20 | 400000 | ശ്രീ.സോണി മാത്യു,സെക്രട്ടറി | |
| 1-21 | 150000 | ശ്രീ.സോണി മാത്യു,സെക്രട്ടറി | |
| 1-23 | 300000 | ശ്രീ.സോണി മാത്യു,സെക്രട്ടറി | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-16-2, 1-29

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. | വട്ടവട ഗ്രാമപഞ്ചായത്ത് | അസരേൽ |

| | | |
|---|---|---|
| പി.ജബരാജ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി | കോട്ടേജ്,പട്ടിക്കാട് മറയൂർ |
| ശ്രീ.സോണി മാത്യു,സെക്രട്ടറി | അയ്മനം ഗ്രാമപഞ്ചായത്ത്,സെക്രട്ടറി | തൊട്ടനാനിയിൽ, അതിരമ്പുഴ കാണക്കാരി പി.ഒ,കോട്ടയം ജില്ല |
| ശ്രീമതി.ദീപ അരുൾജ്യോതി | മുൻ ഭരണസമിതിയംഗം | ലക്ഷ്മി ഇല്ലം, പുതുച്ചിവയൽ, മറയൂർ |
| ശ്രീ. ആരോഗ്യദാസ് | മുൻ ഭരണസമിതിയംഗം | അജീഷ് ഭവൻ, മേലാടി, മറയൂർ |
| ശ്രീ.ബാലകൃഷ്ണൻ, | മുൻ ഭരണസമിതിയംഗം | ലോകനായകം, പട്ടിക്കാട്, മറയൂർ |
| ശ്രീ.ജോമോൻ തോമസ് | മുൻ ഭരണസമിതിയംഗം | കൊച്ചേത്ത്, സഹായഗിരി, മറയൂർ |
| ശ്രീമതി.ശാന്തി തങ്കവേലു | മുൻ ഭരണസമിതിയംഗം | വിഘ്നേഷ് ഭവൻ, പട്ടംകോളനി മറയൂർ |
| ശ്രീമതി.ശരണ്യ രാജൻ | മുൻ ഭരണസമിതിയംഗം | കമ്മിട്ടാംകുഴി, മറയൂർ |
| ശ്രീമതി.ഉഷ കുമാരി | മുൻ ഭരണസമിതിയംഗം | ജവഹർ നഗർ, മറയൂർ |
| ശ്രീ.മുരുകവേൽ | മുൻ ഭരണസമിതിയംഗം | പട്ടിക്കാട്, മറയൂർ |
| ശ്രീ.ഫ്രാൻസിസ് കെ.വി | മുൻ ഭരണസമിതിയംഗം | കല്ലിങ്കൽ, മാശിവയൽ, മറയൂർ |
| ശ്രീ.ബാലകൃഷ്ണൻ വി. | മുൻ ഭരണസമിതിയംഗം | ഊരുവാസൽ, മേലാടി, മറയൂർ |
| ശ്രീമതി.ശാന്തി മാരി | മുൻ ഭരണസമിതിയംഗം | നാച്ചിവയൽ എസ്.സി. കോളനി, മറയൂർ |
| ശ്രീ.റെജീന ജോസഫ് | മുൻ ഭരണസമിതിയംഗം | തെക്കേൽ, ആനക്കാപ്പെട്ടി, മറയൂർ |
| ശ്രീ.സഹായമേരി | മുൻ ഭരണസമിതിയംഗം | പള്ളനാട്, മറയൂർ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1968-69 | എൽ.എഫ്.ഐ.7-12/98 തീ.20.10.1997 | | |
| 1970- | എൽ.എഫ്.ഐ.7-12/98 | | |

| | | | |
|---|---|---|---|
| 71 | തീ.20.10.1997 | | |
| 1971-<br>72 | എൽ.എഫ്.ഐ.7-12/98<br>തീ. 20.10.1997 | | |
| 1973-<br>74 | എൽ.എഫ്.ഐ.7-12/98<br>തീ. 20.10.1997 | | |
| 1975-<br>76 | എൽ.എഫ്.ഐ.7-12/98<br>തീ.20.10.1997 | | |
| 1976-<br>77 | എൽ.എഫ്.ഐ.7-12/98<br>തീ. 20.10.1997 | | |
| 1977-<br>78 | എൽ.എഫ്.ഐ.7-12/98<br>തീ. 20.10.1997 | | |
| 1978-<br>79 | എൽ.എഫ്.ഐ.7-12/98<br>തീ. 20.10.1997 | | |
| 1980-<br>81 | എൽ.എഫ്.ഐ.6-236/82<br>തീ. 10.07.82 | | |
| 1981-<br>82 | എൽ.എഫ്.ഐ.6-542/82<br>തീ. 20.01.83 | | |
| 1983-<br>84 | എൽ.എഫ്.ഐ.6-275/84<br>തീ. 26.9.86 | | |
| 1985-<br>86 | എൽ.എഫ്.ഐ.6-1/91<br>തീ. 15.01.91 | | |
| 1986-<br>87 | എൽ.എഫ്.ഐ.6-1152/90<br>തീ. 08.03.91 | | |
| 1987-<br>88 | എൽ.എഫ്.ഐ.6-236/92<br>തീ. 17.06.93 | | |
| 1988-<br>89 | എൽ.എഫ്.ഐ.6-760/92<br>തീ. 17.06.93 | | |
| 1989-<br>90 | എൽ.എഫ്.ഐ.6-760/92<br>തീ. 17.06.93 | | |
| 1990-<br>91 | എൽ.എഫ്.ഐ.6-67/94<br>തീ. 30.03.94 | | |
| 1991-<br>92 | എൽ.എഫ്.ഐ.6-67/94<br>തീ. 30.03.94 | | |
| 1992- | എൽ.എഫ്.ഐ.6-94/95 | | |

| | | | |
|---|---|---|---|
| 93 | തീ. 20.03.95 | | |
| 1993-94 | എൽ.എഫ്.ഐ.6-94/95 തീ. 20.03.95 | | |
| 1994-95& 1995-96 | എൽ.എഫ്.ഐ.7-660/97 തീ. 24.02.98 | 26 | 3 മുതൽ 8 വരെ, 10 മുതൽ 13 വരെ, 15 മുതൽ 30 വരെ |
| 1996-97 | എൽ.എഫ്.ഐ.7-660/97 തീ. 24.02.98 | 19 | 5, 17, 31, 34, 36, 37, 38 (എ, ബി, സി), 39 മുതൽ 47 വരെ |
| 1997-98 | എൽ.എഫ്.ഐ.9/551/99/10.03.2000/ 30.06.2000 | 18 | 1, 3, 4, 7, 8, 11, 12, 13, 17, 19 മുതൽ 27 വരെ |
| 1998-99 | എൽ.എഫ്.ഐ.7-624/2000 തീ. 05.03.01 | 18 | 21 മുതൽ 26 വരെ, 27(എ), 28 മുതൽ 38 വരെ |
| 1999-00 | എൽ.എഫ്.ഐ.9-363/01 തീ. 30.11.01 | 4 | 9, 19-1, 20, 22 |
| 2000-01 | എൽ.എഫ്.ഐ.9-691/02 തീ. 17.03.02 | 12 | 8, 9,23, 24, 27 മുതൽ 34 വരെ |
| 2001-02 | എൽ.എഫ്.ഐ.9-627/03 തീ. 30.01.04 | 7 | 2-1 മുതൽ 2-6 വരെ, 3-19 |
| 2002-03 | എൽ.എഫ്.ഐ.9-2/05 തീ. 01.03.05 | 12 | 2-1, 3-1 മുതൽ 3-9 വരെ, 4-8, 4-9 |
| 2003-04 | എൽ.എഫ്.ഐ.9-912/09 തീ. 26.10.09 | 13 | 2-1 മുതൽ 2-5 വരെ 3-1 മുതൽ 3-7 വരെ, 4-3 |
| 2004-05 | എൽ.എഫ്.ഐ.14-1226/12 തീ. 05.11.12 | 7 | 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-3 വരെ, 4-3 |

| | | | |
|---|---|---|---|
| 2005-06 | എൽ.എഫ്.ഐ.14-1220/12 തീ. 08.12.12 | 9 | 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-4 വരെ, 4-3 |
| 2006-07 | എൽ.എഫ്.ഐ.14-357/11 തീ. 01.11.11 | 10 | 2-1 മുതൽ 2-5 വരെ 3-1 മുതൽ 3-5 വരെ |
| 2007-08 | എൽ.എഫ്.ഐ.9-330/10 തീ. 15.07.11 | 22 | 2-1 മുതൽ 2-4 വരെ 3-1 മുതൽ 3-18 വരെ |
| 2008-09 | എൽ.എഫ്.ഐ.14-979/11 തീ. 12.12.11 | 15 | 2-1 മുതൽ 2-7 വരെ 3-1 മുതൽ 3-8 വരെ |
| 2009-10 | എൽ.എഫ്.ഐ.14-720/12 തീ. 12.04.13 | 11 | 2-1 മുതൽ 2-5 വരെ 3-1 മുതൽ 3-4 വരെ, 3-6 മുതൽ 3-15 വരെ |
| 2010-11 | എൽ.എഫ്.ഐ.14-721/12 തീ. 05.02.13 | 11 | 2-1, 2-2 3-1 മുതൽ 3-9 വരെ |
| 2011-12 | എൽ.എഫ്.ഐ.14-1498/13 തീ.11.07.14 | 14 | 2-1, 2-2 3-1 മുതൽ 3-12 വരെ |
| 2012-13 & 2013-14 | എൽ.എഫ്.ഐ.14-336/13 തീ. 20.06.15/09.07.15 | 19 | 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-12 വരെ, 3-14, 4-1, 4-4 |
| 2014-15 | നം. കെ.എസ്.എ./ഐ.ഡികെ/ 14/1014/2016/തീയതി. 28.07.2016 | 12 | 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-9 വരെ |

| | | | |
|---|---|---|---|
| 2015-16 | നം.കെ.എസ്.എ-ഐ.ഡി.കെ. 14/1561/2016/തീയതി. 11.11.2016 | 2 | 2-1, 3-1 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ. 8/1249(1)/2018/തീയതി. 09.02.2018 | 20 | ഭാഗം-1, 2-1, 2-2, 2-3, 2-4, 2-5, 3-1മുതൽ 3-15 വരെ |
| 2017-18 | നം.കെ.എസ്.എ.ഐ.ഡി.കെ. 8/93/2019/തീയതി. 28.02.2019 | 14 | 1-5,1-6, 1-12, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-8, 3-10, 3-11, 4-7 |
| 2018-19 | നം.കെ.എസ്.എ.ഐ.ഡി.കെ. 14/824/20/തീയതി. 22.02.2021 | 14 | 1-11,1-12, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-22, 1-23, 1-25, 1-26 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്